




നിരണംപള്ളി മദ്ബഹാ

ORTHODOX SYRIAN
SUNDAY SCHOOL
ASSOCIATION OF THE EAST

# THE SUNDAY SCHOOL

Vol. 3 • No. 3 • July-September 2017 • FOR PRIVATE CIRCULATION ONLY





ST. MARY'S VALIYAPALLY, NIRANAM




Three POPEs @ Cairo, Egypt (28.04.2017) (Left to Right): Rev. Dr. Andrea Zaki, Pope Theodore II, Pope Francis, Pope Tawadros II, Ecumenical Patriarch Bartholomew I, Patriarch Ibrahim Issac Sidrak, Archbishop Mouneer Anis. (See page 22)



OSSAE KUNNAMKULAM DIOCESE VEDA PRAVEEN DIPLOMA CONVOCATION - 2016

## STUDENTS CORNER



By Joshua Aby, Class IV



Westminster-Abbey (See page 16)



ഒ.എസ്.എസ്.എ.ഇ.
എക്സിക്യൂട്ടീവ് ഓഫീസറായി
നിയമിതനായിരിക്കുന്ന
**പ്രൊഫ. കെ.വി. ജോർജ്**



# THE SUNDAY SCHOOL

Vol. 3 • No. 3 • July - September 2017



*രക്ഷാധികാരി*

**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

*പ്രസിഡന്റ്*

**ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**

*ചീഫ് എഡിറ്റർ*

**ഫാ. ഡോ. റെജി മാത്യു**

*പബ്ലിക്കേഷൻ ഓഫീസർ*

**പ്രൊഫ. ഡോ. ചെറിയാൻ തോമസ്**

*മാനേജിംഗ് എഡിറ്റർ*

**പ്രൊഫ. കെ. വി. ജോർജ്**

*എക്സിക്യൂട്ടീവ് എഡിറ്റർ*

**ജോസഫ് അലക്സാണ്ടർ**

*എഡിറ്റോറിയൽ ബോർഡ്*

**ഫാ. ഡോ. ബിജേഷ് ഫിലിപ്പ്**
**സന്തോഷ് ബേബി എ. കെ.**
**ഡോ. ഐപ്പ് വറുഗീസ്**
**പ്രൊഫ. ജോസ് വി. കോശി**
**ഡോ. വർഗീസ് പുന്നൂസ്**
**വർഗീസ് ജോൺ തോട്ടപ്പുഴ**



*കേന്ദ്ര ഓഫീസ്*

**ദേവലോകം**
**കോട്ടയം-686 004**
**✆ 0481 2572890**
thesundayschoolossae@gmail.com




**An OSSAE Publication**

Printed at Alois Graphics
Kottayam-1, Tel: 0481 2569847
aloisgraphics@gmail.com


## താളുകൾ മറിക്കുമ്പോൾ


- എഡിറ്റോറിയൽ
  **ഫാ. ഡോ. റെജി മാത്യു**
- പേരും പൊരുളും പരമ്പരയും പാരസ്പര്യവും
  **ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**
- ആത്മീക ആയോധനവും ആയുധങ്ങളും
  **റവ. ഫാ. ഡോ. ടി.ജെ. ജോഷ്വാ**
- മാലാഖാവൃന്ദങ്ങൾ
  **ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**
- നിരണത്തു പള്ളി
  **ഡോ. എം. കുര്യൻ തോമസ്**
- United Kingdom – An Empire full of Crosses
  **Dr. Cherian Thomas**
- Our Alumini
  **Kuruvilla Varghese**
- സാമൂഹിക തിന്മകൾക്കെതിരെ
- മൂന്നു മാർപാപ്പാമാരുടെ സംഗമം
- Question Bank
- Model Questin Paper
- സൺഡേസ്കൂൾ വാർത്തകൾ
- പിന്നാമ്പുറം



# എഡിറ്റോറിയൽ

പ്രിയ സ്നേഹിതരെ,

ആധുനിക വിദ്യാഭ്യാസരംഗത്ത് വിവിധതരത്തിലുള്ള പുരോഗതികൾ കൈവന്നിട്ടുണ്ട്. സിലബസ് പരിഷ്കരണം മുതൽ സ്മാർട്ട് ക്ലാസ് നിർമ്മാണം വരെയുള്ള നടപടികളിൽ ലോകത്തിൽ സമീപകാലത്തുണ്ടായിട്ടുള്ള നൂതന സാങ്കേതിക വിദ്യകളും, ബൗദ്ധികവും മനഃശാസ്ത്രപരവുമായ രംഗങ്ങളിലെ പുതിയ ഉൾക്കാഴ്ചകളും ശ്രദ്ധിച്ചിരിക്കുന്നു. എന്നാൽ ഒരു കാര്യത്തിൽ നമ്മുടെ അദ്ധ്യാപക സമൂഹം ഇപ്പോഴും പിറകിലാണ്. കുട്ടികൾക്ക് ഇന്ത്യൻ ഭരണഘടന നൽകിയിട്ടുള്ള നിയമപരിരക്ഷയെപ്പറ്റി ഭൂരിഭാഗം അദ്ധ്യാപകരും രക്ഷകർത്താക്കളും ബോധവൽക്കരണം ലഭിച്ചവരല്ല. ഈ രാജ്യത്ത് ജനിച്ചുവീഴുന്ന ഓരോ ശിശുവിനും പ്രധാനമായും നാലുതരത്തിലുള്ള അവകാശങ്ങളാണുള്ളത്. 1. ജീവിക്കുവാനുള്ള അവകാശം, 2. വിദ്യാഭ്യാസത്തിനും വികസനത്തിനുമുള്ള അവകാശം, 3. ചൂഷണങ്ങളിൽ നിന്നുള്ള സംരക്ഷണയ്ക്കുള്ള അവകാശം, 4. സ്വന്തം ഇച്ഛകളും അറിവുകളും പ്രകടിപ്പിക്കുവാനുള്ള അവകാശം ഇതിനെല്ലാം ധാരാളം ഉപവിഭാഗങ്ങളുമുണ്ട്.

ഉദാഹരണമായി രണ്ടാമത്തെ വിഭാഗം തന്നെയെടുക്കാം. എല്ലാ ശിശുക്കൾക്കും വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ സ്വതന്ത്ര്യമായി ജീവിക്കുവാനുള്ള അവകാശം വളരെ പ്രധാനപ്പെട്ടതാണ്. ലിംഗ വ്യത്യാസവും, ശാരീരികവും മാനസികവുമായ വൈകല്യങ്ങളും ഒരു കുട്ടിയെ ഈ അവകാശത്തിനു പുറത്താക്കുന്നില്ല. ഭിന്നലിംഗക്കാർക്കും അംഗവൈകല്യവും ബുദ്ധിമാന്ദ്യവുമുള്ള കുട്ടികൾക്കും സാധാരണ എല്ലാകുട്ടികൾക്കുമുള്ള അവകാശങ്ങളുമുണ്ട്. ഇന്നത്തെ സാമൂഹിക ചുറ്റുപാടിൽ പെൺകുട്ടിക്കുള്ള പ്രത്യേക പരിരക്ഷയെ സംബന്ധിച്ചും രക്ഷാകർത്താക്കളും, അദ്ധ്യാപകരും അറിവുള്ളവരായിത്തീരേണ്ടതുണ്ട്. ഒരു കുട്ടി ശാരീരികമായോ, മാനസികമായോ പീഡിപ്പിക്കപ്പെടുമ്പോൾ അത് നിയമപാലകരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ഇക്കൂട്ടരുടെ ഉത്തരവാദിത്തമാണ്. മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെ സ്കൂളിൽ ജോലിക്കാരനായ ഒരാൾ ഉപദ്രവിച്ചത് ടീച്ചർ അറിഞ്ഞിട്ടും അവർ അതു രഹസ്യമായി സൂക്ഷിച്ചതിന്റെ പേരിൽ ജയിലിലടയ്ക്കപ്പെട്ടത് ഉത്തരേന്ത്യയിലുള്ള സഭാവക ഒരു സ്കൂളിൽ നടന്ന സമീപകാല സംഭവമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മാതാപിതാക്കൾ ഉന്നതനിലവാരമുള്ള ഒരു സ്കൂളിൽ തങ്ങളുടെ കുട്ടിയെ പ്രവേശിപ്പിച്ചതിന്റെ പേരിൽ ആ കുട്ടിയെ അദ്ധ്യാപകരും, സ്കൂൾ അധികാരികളും മാനസിക സമ്മർദ്ദത്തിലാക്കിയതുമൂലം ആ കുട്ടിക്കുണ്ടായ ബുദ്ധിമുട്ടുകളുടെ അടിസ്ഥാനത്തിൽ വർഷങ്ങൾക്കുശേഷം സ്കൂളിന്റെ പ്രിൻസിപ്പലിനെ ജയിൽ ശിക്ഷയും, ലക്ഷങ്ങൾ നഷ്ടപരിഹാരം നൽകുന്നതിനും നമ്മുടെ സുപ്രീം കോടതി ശിക്ഷിക്കുകയുണ്ടായി. വീട്ടിലായാലും സ്കൂളിലായാലും പൊതുസമൂഹത്തിലായാലും ഓരോ കുട്ടിയും അടിസ്ഥാനപരമായ അവകാശങ്ങളും നിയമപരിരക്ഷയും ഉള്ള വ്യക്തിയാണെന്ന കാര്യം അദ്ധ്യാപകരെല്ലാം അറിഞ്ഞിരിക്കണം. സൺഡേസ്കൂളിൽ പഠിക്കുന്ന നമ്മുടെ കുട്ടികളും അവരുടെ രക്ഷാകർത്താക്കളാലോ, അയൽവാസികളാലോ മറ്റുള്ളവരാലോ ഉപദ്രവിക്കപ്പെടുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്താൽ അതു ഗൗരവമായി കരുതി ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ഏതൊരു അദ്ധ്യാപകന്റെയും അദ്ധ്യാപികയുടെയും കടമമാത്രമാണ്.

സ്നേഹപൂർവ്വം,



**റജിയച്ചൻ**

ആദ്ധ്യക്ഷം



# പേരും പൊരുളും പരമ്പരയും പാരസ്പര്യവും

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

### 1. പേര്

പേര് എന്തായാലെന്ത്? ഒരു പേരു വേണം, ആളിനെ തിരിച്ചറിയാൻ; അത്രമാത്രം. ഇങ്ങനെയാണ് ശരാശരി ആളുകളുടെ മനോഗതി. എന്നാൽ അങ്ങനെയല്ല. ഒരു ക്രിസ്ത്യാനിക്ക് ശരിപേര് മാമോദീസ പേരുതന്നെ. കാരണം മാമോദീസ രജിസ്റ്ററിൽ പേര് രേഖപ്പെടുത്തുമ്പോൾതന്നെ സ്വർഗ്ഗത്തിൽ ജീവപുസ്തകത്തിലും സ്നാനാർത്ഥിയുടെ പേര് എഴുതപ്പെടുകയായി (എബ്രാ. 12:23; വെളി. 3:6; 20:15; 21:27). ആയതിനാൽ നിങ്ങളുടെ പേര് സ്വർഗ്ഗത്തിൽ ജീവപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. സ്നാന സന്ദർഭം സ്വീകരിക്കുന്ന ഈ പേരിന് തീർച്ചയായും പൊരുളുണ്ടാവും. ഒരു പരിശുദ്ധന്റെയോ പരിശുദ്ധയുടെയോ പേരായിരിക്കും അത്. അങ്ങനെയെങ്കിൽ ചോദിക്കട്ടെ, നിങ്ങളുടെ ശരിപേര് നിങ്ങൾക്കറിയുമോ? പേരിന്റെ അർത്ഥമറിയുമോ? അർത്ഥമുള്ള പേരാണോ നിങ്ങളുടേത്? പേരിനു പിൻപിൽ ഒരു പരിശുദ്ധന്റെയോ പരിശുദ്ധയുടെയോ ആളത്വം തെളിഞ്ഞുവരുന്നുണ്ടോ? അർത്ഥമുള്ളതും അർത്ഥപൂർണ്ണമായ ജീവിതത്തിനുടമയായ ഒരു പരിശുദ്ധന്റെയോ പരിശുദ്ധയുടെയോ പേരുമായിരിക്കും, ആയിരിക്കണം സ്നാന സന്ദർഭത്തിൽ ഒരു വിശ്വാസി സ്വീകരിക്കുന്നത്. ആ പേരിലൂടെ ഒരു പരമ്പരയ്ക്ക് നാം കണ്ണികോർക്കുകയുമാവും എന്നോർക്കുക.

### 2. പൊരുൾ

ഉദാഹരണമായി നിങ്ങളുടെ സ്നാനനാമം ഹന്ന എന്നാണെങ്കിൽ ആ പേരിനർത്ഥം 'യഹോവ കൃപയുള്ളവൻ' എന്നോ 'യഹോവയുടെ കൃപ' എന്നോ ആകുന്നു. കന്യകമറിയമിന്റെ അമ്മയായിരുന്നു ഹന്ന. ശമുവേൽ പ്രവാചകന്റെ അമ്മയുടെ പേരും ഹന്ന എന്നുതന്നെ. ഈ ഹന്നമാർ പരിശുദ്ധരത്രെ. അവരുടെ കാവലും മധ്യസ്ഥതയും നിങ്ങൾക്കുണ്ടാവും. മറ്റൊരു ഉദാഹരണം, യോശുവ എന്നാകാം നിങ്ങളുടെ സ്നാനനാമം 'യഹോവ രക്ഷകൻ' എന്നാണ് ആ വാക്കിനർത്ഥം. പ്രവാചകനും പരിശുദ്ധനുമായ യോശുവ നിങ്ങളുടെ കാവൽക്കാരനും മധ്യസ്ഥനുമായി നിങ്ങളുടെകൂടെയുണ്ട് എന്നോർക്കുക.

### 3. പരമ്പര

സ്നാനസന്ദർഭത്തിൽ നിങ്ങൾ സ്വീകരിക്കുന്ന പേരിന് മറ്റൊരു മാനവും കൂടിയുണ്ട്. നിങ്ങളുടെ പേര് ഹന്ന എന്നോ, യോശുവ എന്നോ ആണെങ്കിൽ നിങ്ങളുടെ അമ്മ വഴിയോ അപ്പൻ വഴിയോ ഉള്ള മുത്തശ്ശിയുടെയോ മുത്തശ്ശന്റെയോ (വല്യമ്മ/വല്യപ്പൻ) പേരായിരിക്കും അത്. അവരുടെ പേരാകട്ടെ അവരുടെ മുത്തശ്ശിയുടെയോ മുത്തശ്ശന്റെയോ പേരുമായിരിക്കും. ഇങ്ങനെ മുറതെറ്റാതെ സൂക്ഷിച്ചുപോരുന്ന ഈ വഴക്കം മലകര നസ്രാണികളുടെ ഒരു ശ്രേഷ്ഠ പാരമ്പര്യമാകുന്നു. ഇത് കൈമോശംവരാതെ നാം കാത്തുകൊള്ളണം. മുൻപറഞ്ഞ പേരിന്റെ പരമ്പര പിൻപോട്ടുപോയി ഒരു പരിശുദ്ധനിലോ പരിശുദ്ധയിലോ എത്തിനിൽക്കുന്നു. നിങ്ങളുടെ പേരിലൂടെ നിങ്ങൾ തലമുറകളുടെ കണ്ണികോർക്കുന്നുവെന്നും നിങ്ങളിലൂടെ അവർ ഇന്നും ജീവിക്കുന്നുവെന്നും നിങ്ങൾ അറിയുക. കണ്ണിമുറിക്കുകയല്ല ചേർത്ത് മുറുക്കുകയാണ് നമ്മുടെ ധർമ്മം എന്നും ഓർക്കാം. അന്യോന്യം ഓർപ്പിക്കാം.

### 4. പാരസ്പര്യം (സംസർഗ്ഗം)

ഒന്നു സങ്കല്പിച്ചു നോക്കൂ. നിങ്ങൾ ഒരു കൊച്ചുകുട്ടി. മുറ്റത്തുനിൽക്കുന്നു. വീടിനുള്ളിൽനിന്ന് അമ്മ നിങ്ങളെ ഹന്ന/യോശുവ എന്ന് ഉറക്കെ വിളിക്കുന്നു. വീടിനുൾമുറിയിൽ നിങ്ങളുടെ വല്യമ്മ/വല്യപ്പൻ വിശ്രമിക്കുന്നുണ്ടാവും. 'എന്തോ' എന്നുച്ചരിച്ച് നിങ്ങൾ വിളികേൾക്കുമ്പോൾ വീടിനുൾമുറിയിലുള്ള നിങ്ങളുടെ വല്യമ്മ/വല്യപ്പൻ ആ വിളികേട്ട് സന്തോഷിക്കുന്നു. എന്നിട്ട് ഉള്ളിൽ മന്ത്രിക്കുന്നു, പ്രാർത്ഥിക്കുന്നു, "എന്റെ കൊച്ചുമകൻ/കൊച്ചുമകൾ; ദൈവമേ കുഞ്ഞിനെ കാക്കണേ." ഇങ്ങനെ മാത്രം പരിമിതിപ്പെടുത്തിക്കൂടാ ഈ വിളിയുടെയും വിളിപ്പേരിന്റെയും പ്രസക്തി. നിങ്ങളുടെ പേരു വിളിക്കുമ്പോൾ ദൈവസന്നിധിയണഞ്ഞ നിങ്ങളുടെ വലിയ വല്യമ്മയും/വലിയ വല്യപ്പനും അവരുടെ വല്യമ്മയും/വല്യപ്പനും വലിയ വല്യമ്മയും/വലിയ വല്യപ്പനും അങ്ങനെ പിറകോട്ട് ഹന്ന/യോശുവ എന്ന പരിശുദ്ധ/പരിശുദ്ധൻ വരെ വിളികേട്ടുണരും. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കുചുറ്റും നിൽക്കുന്നതുകൊണ്ട് സകലഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്കുമുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" (എബ്രാ. 12:1).

### 5. പൂർണ്ണത

അടുത്ത സമയം പരേതയായ ഒരു വിശ്വാസിനിയുടെ നാല്പതാം നാൾ ഓർമ്മയ്ക്ക് വിശുദ്ധ കുർബാനയർപ്പിക്കുകയായിരുന്നു. വി. കുർബാനയിൽ ഓർക്കേണ്ടവരുടെ പേരുകൾ ബലിപീഠത്തിന്മേൽ മുമ്പിലുണ്ട്. കടലാസിന്റെ ഇടത്തും വലത്തും 'അനുഗ്രഹം', 'ഓർമ്മ' എന്നിങ്ങനെ തലക്കെട്ടുകൾ കൊടുത്ത് രണ്ടു പട്ടികകൾ. ജീവനോടിരിക്കുന്നവരുടെയും പരേതരുടെയും പേരുകളാണവ.


| അനുഗ്രഹം | ഓർമ്മ |
|---|---|
| തോമസ് (ഗൃഹനാഥൻ) | ഏബ്രഹാം (അപ്പൻ) |
| സാറാമ്മ (ഭാര്യ) | എലിസബേത്ത് (അമ്മ) |
| എബി (മകൻ) | |
| മറിയം (മരുമകൾ) | |
| റ്റോം (കൊച്ചുമകൻ) | |
| സാറ (കൊച്ചുമകൾ) | |
| എൽസ (മകൾ) | |

ഈ പേരുകളിലൂടെ തലമുറകൾ തമ്മിലും ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരും തമ്മിലുള്ള പാരസ്പര്യം പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നു. വിശുദ്ധ കുർബാനയിൽ ഈ പാരസ്പര്യം സംസർഗ്ഗത്തിന്റെ (communion) പൂർണ്ണവും പ്രവിശാലവുമായ ലോകത്തിലേക്കുള്ള വാതിൽ തുറന്നിടുകയായി. നാം നമുക്കു ചുറ്റും കൊച്ചുകൊച്ചു തട്ടകങ്ങൾ ഉണ്ടാക്കി തിരിച്ചും പിരിച്ചും ജീവിതസങ്കല്പത്തെ, ജീവിതത്തെത്തന്നെ ഒതുക്കി, ചുരുക്കി ചെറുതാക്കിക്കളയുന്നു. തലയുയർത്തി കൺകളയച്ചുനോക്കൂ. അനുക്രമം വികസ്വരമാവുന്ന, അനന്തമായി വലുതാവുന്ന ഒരു ചക്രവാളം കാണായ്‌വരും. ഐന്ദ്രികവും ഇന്ദ്രിയാതീതവുമായ ജീവിതത്തെക്കുറിച്ചും ലോകത്തെക്കുറിച്ചുമുള്ള ഒരു മുഴുസങ്കല്പം പ്രമാണത്തിലും പ്രയോഗത്തിലും ബോധ്യപ്പെട്ടുതുടങ്ങും. ഇപ്പുറവും അപ്പുറവും ഇഹവും പരവും തമ്മിലുള്ള അന്തരം അലിഞ്ഞില്ലാതായി ഇവിടെ, ഇന്ന് ഈ ഇളംതലമുറയിൽ പോയതലമുറ സംഗമിക്കുന്നു. ജീവിതത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും ഇത്തരം ഒരു കാഴ്ചപ്പാടുണ്ടാക്കുന്ന സമഗ്രതയും സമ്പൂർണ്ണതയും എത്ര സുന്ദരമായൊരു അനുഭൂതിയും അനുഭവവുമായി മാറുന്നു! പേരിലും പേർവിളിയിലും ഇങ്ങനെ ഒത്തിരി വലിയ കാര്യങ്ങളുണ്ടെന്നോർക്കുക.

## OVBS 2018

**2018ലെ OVBSന്റെ ചിന്താവിഷയം 'ദൈവം നമ്മെ മനയുന്നു' (God moulds us) (യെശയ്യ 64:8) എന്നതാണ്. ഈ വിഷയത്തെ ആസ്പദമാക്കിയുള്ളതും മൂല്യബോധനം നൽകുന്നവയും ആരാധനയെ അടിസ്ഥാനമാക്കിയുള്ളതുമായ ഗാനങ്ങൾ OVBS കേന്ദ്ര ഓഫീസിൽ (OSSAE Office, Devalokam, Kottayam-4) 2017 സെപ്റ്റംബർ 30 വരെ സ്വീകരിക്കും.**

വേദവചനധ്യാനം



# ആത്മീക ആയോധനവും ആയുധങ്ങളും

റവ. ഫാ. ഡോ. ടി.ജെ. ജോഷ്വാ

ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ (2 കൊരി. 10:3–4).

ഇന്നത്തെ ലോകത്തിന്റെ പശ്ചാത്തലത്തിൽ ആത്മീയ പോരാട്ടങ്ങൾക്ക് ഉപയോഗിക്കുന്ന ആയുധങ്ങൾ വളരെ പ്രസക്തമാണ്. ഇന്നത്തെ നമ്മുടെ നാട് പോരാട്ടങ്ങളുടെ നാടായി പരിണമിച്ചിരിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്നു ആരോ തെറ്റി പറഞ്ഞുപോയത് പോരാട്ടങ്ങളുടെ നാട് എന്നു തിരുത്തി പറയുവാൻ സമയമായിരിക്കുന്നു. ഒരു വശത്ത് രാഷ്ട്രീയക്കാരുടെ സമരം, വ്യാപാരി സമരം, വിദ്യാർത്ഥി സമരം ഇങ്ങനെ പോകുന്നു സമരങ്ങളുടെ നീണ്ട പട്ടിക. ആരോടൊക്കെയാണ് പോരാടുന്നത്, ആർക്കുവേണ്ടിയാണ് പോരാടുന്നത് ഇതൊന്നും പോരാടുന്നവർക്കുപോലും വ്യക്തതയില്ല. നീതിപീഠത്തിനോടുപോലും സമരത്തിനു ആഹ്വാനം ചെയ്തിരിക്കുന്നു. അതു മാത്രമല്ല, സഭാതലത്തിൽപോലും പിടിച്ചടക്കലും തിരിച്ചെടുക്കലും എല്ലാം നടക്കുന്ന ഒരു അനുഭവത്തിൽ പോരാട്ടത്തിന്റേതായ ആ ഒരു ചിന്തയാണ് എല്ലാവരുടെയും മനസ്സിൽ പൊന്തി നിൽക്കുന്നത്.

നാം ഒരു വലിയ ആയോധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഇത് ആത്മീയമായ ഒരു ആയോധനമാണ് (Spiritual warfare). ഈ ആശയത്തെ പ്രമേയമാക്കിക്കൊണ്ട് മുന്നൂറ്റിയമ്പതു വർഷം മുൻപ് ജീവിച്ചിരുന്ന ഒരു വലിയ ക്രിസ്തീയഭക്തൻ ഒരു പുസ്തകമെഴുതിയിട്ടുണ്ട്. ആ പുസ്തകത്തിന്റെ പേര് The Holy War 'തിരുപ്പോരാട്ടം' എന്നാണ്. ഗ്രന്ഥകർത്താവ് പ്രസിദ്ധനായ ജോൺ ബനിയനാണ്. മനുഷ്യന്റെ ആത്മാവിനെ സംബന്ധിച്ച മാൻസോൺ (Mansoul) 'മനുഷ്യാത്മാവ്' എന്നുപേരുള്ള ദൈവത്തിന്റെ പട്ടണമാണ് ബനിയൻ ആ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ആ നഗരത്തിൽ ഒരു കൊട്ടാരമുണ്ട്. ഷഡ്ഡായി (King Shaddai) എന്നുപറയുന്ന ഒരു രാജാവ് പണിതതാണ് ആ കൊട്ടാരം. അദ്ദേഹത്തിന്റെ പുത്രനായിരുന്ന അമ്മാനുവേലിനു പാർക്കുവാൻ തക്കവണ്ണം ആ കൊട്ടാരം മനോഹരമായി സജ്ജമാക്കിയിരുന്നു. എന്നാൽ ഈ പട്ടണം പിടിച്ചെടുക്കുന്നതിനും അതിനെ നശിപ്പിക്കുന്നതിനും ശത്രുവായ ഡയബോളസ് (Luciferian Diabolus) നിരന്തരമായ പോരാട്ടം നടത്തുന്നതാണ് പുസ്തകത്തിന്റെ പ്രമേയം. പൗലോസ് അപ്പോസ്തലന്റെ പക്കൽനിന്നും ലഭിച്ച ആത്മീയപോരാട്ടത്തിന്റെ ഈ ആശയം പിൽക്കാലത്ത് ജീവിച്ചിരുന്ന ക്രിസ്തീയ പിതാക്കന്മാരും ചിന്തകന്മാരും ഗ്രന്ഥകാരന്മാരും തങ്ങളുടെ സൃഷ്ടികൾക്കും ഭാവനകൾക്കും അപഗ്രഥനങ്ങൾക്കും വിഷയമാക്കിയിട്ടുണ്ട് എന്ന് സാക്ഷീകരിക്കുവാൻ വേണ്ടിയാണ് ഈ പുസ്തകം ഞാൻ അവതരിപ്പിക്കുന്നത്.

ബനിയന്റെ ഒരു ഭാവനാസൃഷ്ടിയാണ് ഇതെങ്കിലും ചില ആത്മീയചിന്താഗതികൾ ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. ഈ കൊട്ടാരത്തിനു അഞ്ചു കവാടങ്ങളാണുള്ളത്. Eye-gate, Ear-gate, Mouth-gate, Nose-gate, and Feel-gate. കൊട്ടാരം പിടിച്ചടക്കാൻ ആദ്യമായി പോരാടേണ്ട കവാടം കാഴ്ചയുടെ കവാടമാണ്. ആ കവാടം തുറന്നപ്പോൾ ഏദൻ തോട്ടത്തിൽ ആദിമനുഷ്യൻ ദർശിച്ച തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതുമായ മോഹനീയമായ ഒരു കാഴ്ചയാണ്. പ്രലോഭനത്തിന്റെ ആദ്യതുടക്കം ഇവിടെയാണ്. ദൈവത്തിന്റെ ഹൃദയത്തിനു ഉത്തമൻ എന്നു സാക്ഷ്യപ്പെടുത്തിയ ദാവീദുപോലും വീണുപോയത് നോട്ടത്തിലും കാഴ്ചയിലും പറ്റിപ്പോയ ഒരു അപാകതയിലാണ്. അതുകൊണ്ടാണ് ഞാൻ എന്റെ കണ്ണുകളുമായി ഉടമ്പടി ചെയ്തിരിക്കുന്നു എന്നു ഇയ്യോബ് പറയുന്നത്. രണ്ടാമത്തെ കവാടം ശ്രവണകവാടമാണ്. ഇവയെല്ലാം മനു

ഷ്യഹൃദയത്തിലേക്കുള്ള പ്രവേശന കവാടങ്ങൾക്കു സമാനമാണ്. അന്തിമമായി, ആ കൊട്ടാരത്തിലേക്കുള്ള പ്രവേശനത്തിൽ എങ്ങനെ രാജകുമാരൻ വന്നു പ്രതിസന്ധികളെ പരാജയപ്പെടുത്തി കൊട്ടാരത്തിൽ പ്രവേശിച്ച് വെന്നിക്കൊടി പാറിച്ച് ആത്യന്തികമായി വിജയത്തെ പ്രദർശിപ്പിച്ചു എന്നതിനെ ആസ്പദമാക്കിയ മനോഹരമായ ഒരു ഭാവനാചിത്രമാണ് പുസ്തകത്തിൽ നാം കാണുന്നത്.

ആത്മീയ ജീവിതത്തിലെ ആയോധനം എന്നതു വേദപുസ്തകത്തിലെ വളരെ പ്രധാനമായ ഒരു വിഷയമാണ്. ജീവിതം ഒരു പോരാട്ടമാണെന്നതിന്റെ അടിസ്ഥാനം പഴയനിയമം തന്നെയാണ്. പഴയനിയമത്തിൽ ദൈവത്തെ അറിയപ്പെട്ടിരുന്നത് സൈന്യങ്ങളുടെ യഹോവ The Lord of Host എന്നാണ് യെശയ്യാപ്രവാചകൻ തന്റെ ദർശനത്തിൽ പറയുന്നു: 'അവൻ നീതി ഒരു കവചംപോലെ ധരിച്ചു രക്ഷ എന്ന തലക്കോരിക തലയിൽ ഇട്ടു; അവൻ പ്രതികാരവസ്ത്രങ്ങളെ ഉടുത്തു, തീക്ഷ്ണത ഒരു മേലങ്കിപോലെ പുതച്ചു' (യെശയ്യാവ് 59:17). യഹോവ തീക്ഷ്ണതയുള്ള ദൈവമാണ്. അവൻ തിന്മയ്ക്കെതിരായി സന്ധിയില്ലാത്ത പോരാട്ടം ചെയ്യുന്നവനാണ്. ആ ദൈവത്തിന്റെ സ്ഥാനം എത്ര വലിയതാണ്. ദോഷങ്ങൾക്കെതിരെ, പാപങ്ങൾക്കെതിരെ, സകല അധർമ്മങ്ങൾക്കുമെതിരെ യഹോവ യുദ്ധം ചെയ്യുന്നതിനെയാണ് പ്രവാചകൻ പ്രതിപാദിക്കുന്നത്. അങ്ങനെ പഴയനിയമത്തിൽ യഹോവയെപ്പറ്റിയുള്ള സങ്കല്പംതന്നെ ഒരു സൈന്യാധിപൻ എന്ന നിലയിലാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പൗലോസ് ശ്ലീഹാ ക്രിസ്തീയ ജീവിതത്തിൽ പോരാട്ടമുണ്ടെന്നു വെളിപ്പെടുത്തിയിരിക്കുന്നത്. ഈ പോരാട്ടത്തിന്റെ പശ്ചാത്തലത്തിലാണ് 'നീയും എന്നോടുകൂടെ ക്രിസ്തുവിന്റെ നല്ല ഭടനായി കഷ്ടം സഹിക്കുക' എന്ന് അപ്പോസ്തലൻ തിമൊഥെയോസിനോടു പറയുന്നത്.

> യഹോവ തീക്ഷ്ണതയുള്ള ദൈവമാണ്. അവൻ തിന്മയ്ക്കെതിരായി സന്ധിയില്ലാത്ത പോരാട്ടം ചെയ്യുന്നവനാണ്. ആ ദൈവത്തിന്റെ സ്ഥാനം എത്ര വലിയതാണ്. ദോഷങ്ങൾക്കെതിരെ, പാപങ്ങൾക്കെതിരെ, സകല അധർമ്മങ്ങൾക്കുമെതിരെ യഹോവ യുദ്ധം ചെയ്യുന്നതിനെയാണ് പ്രവാചകൻ പ്രതിപാദിക്കുന്നത്.

പൗലോസ് അപ്പോസ്തലൻ നമ്മെ പ്രബോധിപ്പിക്കുന്നത് 'വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക' എന്നാണ്. ഒരു യുദ്ധത്തിന്റെയോ സമരത്തിന്റെയോ പ്രതീതിയാണ് ഇവിടെയും പ്രതിദ്ധ്വനിക്കുന്നത്. അങ്ങനെ നിരന്തരമായി ജീവിതത്തിൽ പൊരുതി ജീവിതാവസാനത്തിലേക്കു താൻ എത്തിയിരിക്കുന്നു എന്നു തനിക്കു ബോധ്യമായപ്പോൾ അപ്പോസ്തലൻ പറയുന്നത് ശ്രദ്ധിക്കുക; 'ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു' (2 തിമൊ. 4:7). തന്റെ മുഴുവൻ ജീവിതത്തിലും വിശ്വാസത്തിനു വേണ്ടി പോരാടുകയും വിശ്വാസികളെ അതിനു സജ്ജമാക്കുകയും ചെയ്യുന്നതിൽ തനിക്കു വിജയം നേടുവാൻ സാധിച്ചു എന്ന ആത്മസംതൃപ്തിയാണ് ഈ വാചകത്തിൽ വെളിവാകുന്നത്.

ഈ അനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ ലോകത്തിൽ പോരാട്ടമുണ്ട് എന്നു അപ്പോസ്തലൻ നമ്മെ ഓർമ്മപ്പെടുത്തുന്നത്. നമുക്കുള്ള പോരാട്ടം ആരോടാണെന്നു അദ്ദേഹം വ്യക്തമായി നമ്മോടു പറയുന്നു. 'നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.' (എഫെ. 6:12). നമ്മുടെ ആയോധനങ്ങൾ ജഡികമോ ലൗകികമോ അല്ല; അത് ആത്മീയമാണ്. അത് സൈന്യത്താലുമല്ല, ശക്തിയാലുമല്ല, പിന്നെയോ ദൈവത്തിന്റെ ആത്മാവിനാലത്രെ. ഇന്ന് സഭയ്ക്കും സഭാമക്കൾക്കും ആവശ്യമായിരിക്കുന്നത് ഈ ആത്മീയശക്തിയാണ്. മറ്റു യാതൊരു വിധമായ ആവേശങ്ങളും നമുക്ക് ആവശ്യമില്ല.

തിന്മക്കെതിരെയും പൈശാചികശക്തികൾക്കെതിരെയുമായി പോരാടുന്നതിനു സജ്ജമാക്കുവാൻ തക്കവണ്ണം സഭാമക്കൾക്കു യേശുക്രിസ്തുവിൽക്കൂടിയുള്ള ശക്തി ലഭിക്കേണ്ടതിനായി സഭാനേതൃത്വത്തിനു കഴിയണം. അതിനു ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കണം എന്ന സന്ദേശമാണ് എനിക്കു നൽകുവാനുള്ളത്. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ പറയുന്നത്: 'ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ; ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്.' (സങ്കീർത്തനങ്ങൾ 84:5). ലോകപ്രകാരം സാമ്പത്തിക ഉന്നതി, സുഖസൗ

> ആത്മീയപോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിശ്വാസിയും തിന്മയെ എതിർക്കുന്നതിനും വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നതിനുമായി ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണ്ടതുണ്ട്. പടയാളിയുടെ സർവ്വായുധവർഗ്ഗംപോലെ പ്രതിരോധത്തിനും ഉപരോധത്തിനും ആവശ്യമായ വൈവിധ്യമാർന്ന വസ്ത്രങ്ങളും ആയുധങ്ങളുമാണ് ആത്മീയഭടനും ധരിക്കേണ്ടത്.

കര്യാദികൾ, പദവി, പ്രശസ്തി മുതലായ ഭൗതിക മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഭാഗ്യവാൻ എന്നു കരുതപ്പെടുന്നത്. എന്നാൽ സങ്കീർത്തനക്കാരന്റെ വീക്ഷണം തികച്ചും വ്യത്യസ്തമാണ്. എന്റെ അനുഭവത്തിൽ എനിക്കു തറപ്പിച്ചു പറയുവാൻ കഴിയുന്ന ഒരു കാര്യം ഉണ്ട്. പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോയാലും അകമെയുള്ള മനുഷ്യൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. (Though our outer man is decaying, yet our inner man is being renewed day by day).

ജഡസംബന്ധമായി വർഷങ്ങൾ ഏറുന്തോറും ശാരീരിക അസ്വസ്ഥതകൾ വർദ്ധിച്ചുവരും, നടക്കാൻ പ്രയാസമായി വരും, അസുഖങ്ങൾ ഏറിവരും. അങ്ങനെ പുറമെയുള്ള മനുഷ്യന്റെ ബലവും ശക്തിയും ക്ഷയിച്ചുകൊണ്ടേയിരിക്കും. എന്നാൽ പരിശുദ്ധാത്മാവിന്റെ നിറവിലും പോഷണത്തിലും അകമേയുള്ള മനുഷ്യൻ ശക്തി പ്രാപിക്കുന്നു; ശക്തി പ്രാപിക്കണം. ശാരീരിക ശക്തികൊണ്ട് അല്ലെങ്കിൽ ആൾ ബലംകൊണ്ട് ആത്മീകമായി എന്തെങ്കിലും നേടാമെന്നു നാം വ്യാമോഹിക്കരുത്. അതുകൊണ്ടാണ് ശക്തിപ്രാപിക്കാനുള്ള വഴികളെപ്പറ്റി പൗലോസ് അപ്പോസ്തലൻ നമ്മെ പ്രബോധിപ്പിക്കുന്നത്. അദ്ദേഹം പറയുന്നു: ക്രിസ്തുവിനെ ധരിക്കുക; പുതുമനുഷ്യനെ ധരിക്കുക; ക്രിസ്തുവിന്റെ സ്വഭാവം ധരിക്കുക; പരിശുദ്ധാത്മാവിന്റെ ശക്തി ധരിക്കുക. ഇങ്ങനെ പലയിടത്തും പലവിധത്തിൽ നമ്മോടു ധരിക്കുവാൻ (To put on) പറയുന്നത് പോരിനു നമ്മെ സജ്ജമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ്.

പ്രതിപാദിത വേദവാക്യത്തിന്റെ തുടർഭാഗങ്ങളിൽ നാം കാണുന്നത് ക്രിസ്തുവിന്റെ പടച്ചട്ട ധരിക്കുക എന്ന ആശയമാണ്. ഈ പോരാട്ടത്തിനുവേണ്ടിയുള്ള പരിശുദ്ധാത്മാവിന്റെ ശക്തി യേശുക്രിസ്തുവിൽക്കൂടി ലഭിക്കുന്ന ശക്തിയാണ്. അതാണ് ലൗകിക പോരാട്ടത്തിൽ നമുക്കു കരണീയമായിട്ടുള്ളത്. അതുകൊണ്ട് കർത്താവായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽക്കൂടിയുള്ള ആ ശക്തി പ്രാപിക്കാനും അനുഭവിച്ചറിയുവാനും നാം ആഗ്രഹമുള്ളവരായിരിക്കണം.

ലോകത്തിന്റെ തിന്മകളും, അധർമ്മങ്ങളും, അനീതികളും ആകുന്ന ദുഷ്ടാത്മശക്തികളോടാണ് നമ്മുടെ പോരാട്ടം. ദൈവത്തിന്റെ ശക്തിയിലല്ലാതെ സാത്താന്റെ പോരാട്ടങ്ങളിൽ ജയിക്കാൻ നമുക്കു സാധ്യമല്ല. സ്വയശക്തിയിൽ ആശ്രയിക്കുമ്പോൾ നാം പലപ്പോഴും പോരാട്ടങ്ങളിൽ പരാജയപ്പെട്ടുപോകുന്നു. തങ്ങളുടെ വ്യക്തിജീവിതത്തിൽ അടിക്കടിയായി വരുന്ന പരാജയങ്ങൾ മൂലം പലരും പലപ്പോഴും തകർന്നുപോകുന്ന അനുഭവത്തിലേക്കു വീണുപോകുന്നു. ഞാൻ ആഗ്രഹിക്കുന്നു, പക്ഷെ സാധിക്കുന്നില്ല: ഇതാണ് പലരുടെയും അനുഭവം. പൗലോസ് ശ്ലീഹാ ഈ അനുഭവത്തെപ്പറ്റി ഇങ്ങനെ പറയുന്നു: “ഞാൻ ഇച്ഛിക്കുന്ന നന്മയല്ല ചെയ്യുന്നത്, പിന്നയോ, ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്” അതുകൊണ്ട് പോരാട്ടങ്ങളെ അതിജീവിക്കാനുള്ള ഇച്ഛാശക്തിയും ദൈവശക്തിക്കുവേണ്ടിയുള്ള വിനയത്തോടുകൂടിയുള്ള നിരന്തരമായ പ്രാർത്ഥനയുമാണ് വിജയത്തിനു നിദാനമായ ഘടകങ്ങൾ. ദൈവം എത്ര നല്ലവനെന്നു നാം തിരിച്ചറിയണം. ജീവിതത്തെക്കുറിച്ചുള്ള ദർശനമല്ല ജീവിതശുദ്ധിയെക്കുറിച്ചുള്ള ഒരു ദർശനമാണ് നമുക്കു ആവശ്യം. വക്രതയും കോട്ടവുമുള്ള ജനത്തിന്റെ നടുവിലാണ് നാം ജീവിക്കുന്നത് എന്നതുകൊണ്ട് ദൈവമുൻപാകെ നിർമ്മലമായ ജീവിതം നയിക്കാനുള്ള ഒരു അതിവാഞ്ച നമ്മെ ഭരിക്കണം. പൗലോസ് ശ്ലീഹായ്ക്കുണ്ടായിരുന്ന അതേ ആത്മധൈര്യമാണ് നമ്മുടെയും ജീവിതത്തിനു ശക്തി പകരേണ്ടത് ‘എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവനാകുന്നു.’

പൗലോസ് അപ്പോസ്തലൻ എഫെസ്യർക്കെഴുതിയ ലേഖനത്തിൽതന്നെ മനോഹരമായ ഒരു പ്രാർത്ഥന ചൊല്ലുന്നുണ്ട്. എഫെസ്യരുടെ ഹൃദയത്തിന്റെ ദൃഷ്ടി ഒന്നു പ്രകാശിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം പ്രാർത്ഥിക്കുന്നത്. അങ്ങനെ അവരുടെ അകക്കണ്ണ് ഒന്നു തുറന്നാൽ എന്താണ് അവർക്കു ദൃശ്യമാകുന്നത്? ‘നിങ്ങൾ വിശ്വസിക്കുന്ന, നിങ്ങളിൽ വ്യാപരിക്കുന്ന ആ

ആത്യന്തികശക്തിയുടെ ആഴം എത്രയെന്നു നിങ്ങൾ തിരിച്ചറിയും.' പരിശുദ്ധാത്മാവിന്റെ ആഴം അളക്കുവാൻ കഴിയാത്ത ആ ശക്തി നമ്മിൽ ഉൾക്കൊണ്ടിരിക്കുന്നു; അതും നാം തിരിച്ചറിയുകയും അനുഭവിക്കയുമേ വേണ്ടു. അതുകൊണ്ട് കർത്താവിലും അവന്റെ അമിതബലത്തിലും ആശ്രയിച്ചുകൊണ്ട് ജീവിതത്തിന്റെ പ്രതിബന്ധങ്ങളെ നേരിടാൻ നമുക്കു സാധിക്കണം.

ഈ പോരാട്ടത്തിനായി നാം ധരിക്കേണ്ട ആയുധങ്ങളെക്കുറിച്ച് സംക്ഷിപ്തമായി നമുക്കു ചിന്തിക്കാം. പൗലോസ് അപ്പോസ്തലന്റെ സായംകാല അനുഭവത്തിൽനിന്നുമാണ് ആയോധനത്തിനു ആവശ്യമായ ആയുധങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത്. കൈസരുടെ വിധി കേൾപ്പാനായി രണ്ടുവർഷമാണ് റോമിലെ കാരാഗൃഹത്തിൽ അപ്പോസ്തലന് കഴിയേണ്ടി വന്നത്. രണ്ടു പാറാവുകാരുടെ നടുവിലാണ് ബന്ധനത്തിൽ അദ്ദേഹത്തിനു കഴിയേണ്ടിവന്നത്. എല്ലാ കഷ്ടതകളും അദ്ദേഹം സഹിച്ചത് സുവിശേഷത്തിനുവേണ്ടിയും ദൈവരാജ്യത്തിന്റെ ഭടനുമായിട്ടായിരുന്നു. തനിക്കു പാറാവു നിന്നിരുന്ന റോമാപടയാളികളുടെ വസ്ത്രധാരണം അദ്ദേഹം സസൂക്ഷ്മം ശ്രദ്ധിച്ചിരുന്നിരിക്കാം.

ആത്മീയപോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിശ്വാസിയും തിന്മയെ എതിർക്കുന്നതിനും വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നതിനുമായി ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണ്ടതുണ്ട്. പടയാളിയുടെ സർവ്വായുധവർഗ്ഗം പോലെ പ്രതിരോധത്തിനും ഉപരോധത്തിനും ആവശ്യമായ വൈവിധ്യമാർന്ന വസ്ത്രങ്ങളും ആയുധങ്ങളുമാണ് ആത്മീയഭടനും ധരിക്കേണ്ടത്. രക്ഷയുടെ അനുഭവമാണ് വിശ്വാസഭടന്റെ ശിരസ്ത്രം. കർത്താവായ യേശുക്രിസ്തുവിൽ രക്ഷപ്രാപിച്ചു എന്ന നിർണ്ണയമാണ് ആത്മാവിന്റെ മസ്തിഷ്കത്തിന്റെ പ്രതിരോധവസ്ത്രം. ക്രിസ്തുവിന്റെ ജയമുള്ള സ്ലീബായാൽ നാം രക്ഷിക്കപ്പെട്ടവരാണ്. ആ നിർണ്ണയം ഓരോ ക്രിസ്തീയ വിശ്വാസിക്കും ഉണ്ടായിരിക്കണം. ഈ അനുഭവം ഒരിക്കലായി മാത്രമല്ല ഒരു തുടർപ്രക്രിയയായി ജീവിതാന്ത്യം വരെ സമ്പൂർത്തിയാക്കേണ്ടതായിട്ടും ഉണ്ട്.

ദുഷ്ടന്റെ തീയമ്പുകളെ തടുക്കേണ്ടതിനായി വിശ്വാസം എന്ന കവചം ധരിക്കണം. വിശ്വാസമാണ് രക്ഷയുടെയും ദൈവമഹത്വ ദർശനത്തിന്റെയും ആധാരം. ക്രിസ്തീയജീവിതത്തിന്റെ മുഖമുദ്രയും വിശ്വാസം തന്നെ. അതുകൊണ്ട് വിശ്വാസം ഞങ്ങൾക്കു വർദ്ധിപ്പിച്ചുതരേണമേയെന്നു ശിഷ്യന്മാരെപ്പോലെ നമുക്കും പ്രാർത്ഥിക്കാം. മേൽപറഞ്ഞതെല്ലാം പ്രതിരോധത്തിനു വേണ്ടിയായിരുന്നുവെങ്കിൽ ഉപരോധത്തിനായി നാം ആത്മാവിന്റെ വചനമെന്ന വാൾ വലതു കൈയ്യിൽ പിടിക്കണം. ദൈവത്തിന്റെ വചനത്തോട് നാം ആഭിമുഖ്യമുള്ളവരായിരിക്കണം. ആ വചനം ഇരുവായ്ത്തലയുള്ള വാളിനേക്കാളും മൂർച്ചയുള്ളതാണ്. അത് സന്ധികളിലും മജ്ജകളിലും തുളച്ചുകയറുന്നു. ശത്രുവിന്റെ എല്ലാ അക്രമങ്ങളെയും ചെറുത്തുനിൽക്കാൻ സജ്ജമാക്കുന്ന നീതി എന്ന കവചം ധരിക്കേണ്ടതുണ്ട്.

## ശതാബ്ദി സമാപനം

കുഴിമറ്റം സെന്റ് ജോർജ്ജ് സൺഡേസ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനം മെയ് 21 ഞായർ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, വന്ദ്യ ജോസഫ് റമ്പാച്ചൻ, സൺഡേസ്കൂൾ ഭദ്രാസന ഡയറക്ടർ ജോസഫ് അലക്സാണ്ടർ, കൺവീനർ ശ്രീ. ബാബുക്കുട്ടി ഈപ്പൻ, ഫാ. വറുഗീസ് മർക്കോസ്, ഹെഡ്മാസ്റ്റർ അജിത് മാത്യു എന്നിവർ സംസാരിച്ചു. ശതാബ്ദിയുടെ ഉദ്ഘാടനം എത്യോപ്യൻ പാത്രിയർക്കീസ് പ. ആബുനാ മത്ഥിയാസ് പ്രഥമനാണ് നിർവ്വഹിച്ചത്.

ഒ.എസ്.എസ്.എ.ഇ. എക്സിക്യൂട്ടീവ് ഓഫീസറായി പ്രൊഫ. കെ. വി. ജോർജിനെ പ്രസിഡന്റ് അഭി. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി നിയമിച്ചിരിക്കുന്നു. ഡോ. ചെറിയാൻ തോമസ് പബ്ലിക്കേഷൻ ഓഫീസറായി നിയമിതനായ സാഹചര്യത്തിലാണ് പുതിയ നിയമനം.

അദ്ദേഹത്തിന്റെ ഫോൺ നമ്പർ: 9447090070, 7907661120



# മാലാഖാവൃന്ദങ്ങൾ

## ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

ഓർത്തഡോക്സ് സുറിയാനി സഭാപാരമ്പര്യത്തിൽ ദൈവദൂതന്മാർക്ക് 9 വൃന്ദങ്ങൾ ഉണ്ട്. 1. സ്രോപ്പേ, 2. ക്രോബേ, 3. മൗത്തബേ, 4. മോറാവോസോ, 5. ഹൈലേ/ഹൈലാവോസോ, 6. ശുൽത്താനേ/ശാലീത്തോനേ, 7. റീശൻവോസോ/ അർക്കാവോസ്, 8. റീശൈമാലാഖേ, 9. മാലാഖേ. മാലാഖാമാരുടെ വൃന്ദങ്ങളെക്കുറിച്ച് വിശദമായ ഒരു പ്രതിപാദനം ആദ്യമായി കാണുന്നത് ഏതാണ്ട് അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അരിയോപഗക്കാരനായ ദിവന്നാസ്യോസ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ഒരു ക്രിസ്തീയ ചിന്തകന്റെ സ്വർഗ്ഗത്തിലെ വിശുദ്ധിയുടെ ക്രമം (Celestial Hierachy) എന്ന ഗ്രന്ഥത്തിലാണ്. സുറിയാനിസഭാ പിതാക്കന്മാരായ മൂശെ ബർക്കീഫായും (9-ാം നൂറ്റാണ്ട്) ബാർ എബ്രായയും (13-ാം നൂറ്റാണ്ട്) ഈ വിഷയം കൈകാര്യം ചെയ്യുന്നുണ്ട്. ഇവരുടെ ചിന്തകളിൽ അരിയോപഗയിലെ ദിവന്നാസ്യോസിന്റെ സ്വാധീനം വളരെയുണ്ട്. മുകളിൽ കൊടുത്തിരിക്കുന്ന മാലാഖമാരുടെ വൃന്ദങ്ങളുടെ ക്രമം ദിവന്നാസ്യോസിന്റെയും ബാർ എബ്രായയുടെയും ഗ്രന്ഥങ്ങളിൽ കാണുന്നപടിയാണ്. വി. കുർബ്ബാന തക്സായിൽ വി. യാക്കോബിന്റെ ക്രമത്തിൽ 9 വൃന്ദങ്ങളുടെയും പേരുകൾ കാണുന്നുണ്ട്. എന്നാൽ അവയുടെ ക്രമം ദിവന്നാസ്യോസിലും ബാർ എബ്രായയിലും കാണുന്നതിൽ നിന്നും അല്പം വ്യത്യാസമുണ്ടെന്ന് മാത്രം. അരിയോപഗയിലെ ദിവന്നാസ്യോസ് പ്രതിപാദിച്ചിരിക്കുന്ന പ്രകാരം സ്വർഗ്ഗത്തിലെ 9 വൃന്ദം മാലാഖാമാർ മുമ്മൂന്നു വൃന്ദങ്ങൾ വീതമുള്ള സംഘങ്ങളായാണ് ദൈവസന്നിധിയിൽ ചുറ്റുമായി നിലകൊള്ളുന്നത്; അതായത് ത്രിവൃന്ദങ്ങളുടെ മൂന്നു സംഘങ്ങൾ. ഒന്നാമത്തെ ത്രിവൃന്ദങ്ങൾ: സ്രോപ്പേ, ക്രോബേ, മൗത്ത്ബേ. രണ്ടാമത്തേത് മോറോവോസോ, ഹൈലേ/ഹൈലേവോസോ, ശുൽത്താനോ/ശാലീത്തോനേ, മൂന്നാമത്തേത്: റീശൻവോസോ അർക്കാവോസ്, റീശൈമാലാഖേ, മാലാഖേ.

ദൈവസന്നിധിയിൽ ഏറ്റം അടുത്തനിലയാണ് ഒന്നാമത്തെ ത്രിവൃന്ദങ്ങൾക്ക്. അതിനടുത്ത് രണ്ടാമത്തെ ത്രിവൃന്ദങ്ങൾ, പിന്നീട് മൂന്നാമത്തേത്. ദൈവീകരിക്കപ്പെടാനും ദൈവതേജസ്സ് പ്രകാശിപ്പിക്കാനുമുള്ള കഴിവിനെ ആശ്രയിച്ചാണ് ദൂതവൃന്ദങ്ങളുടെ ക്രമീകരണം. ആദ്യത്തെ ദൂതവൃന്ദങ്ങൾ ഏറ്റം കൂടുതൽ അടുത്ത് ദൈവവുമായി സംസർഗ്ഗം ചെയ്ത് ദൈവസാന്നിധ്യത്തിനു ചുറ്റും നിരന്തരം ചലിച്ചുകൊണ്ട് സ്തുതിഗീതം അർപ്പിച്ചു നിൽക്കുന്നു. ഈ വൃന്ദങ്ങളിൽത്തന്നെ സെറാഫുകളാണ് ഏറ്റം അടുത്ത് ചുറ്റും നീങ്ങിക്കൊണ്ടിരിക്കുന്നത്. ദൈവസന്നിധിയിൽ വളരെ അടുത്തുനിന്ന് ദൈവദർശനം ലഭിച്ച് ദൈവതേജസ്സിൽ പങ്കാളികളായി ദൈവീകമായ പ്രകാശം സ്ഫുരിപ്പിച്ച് നിരന്തരം ദൈവീക പൂർണ്ണതയിലേക്കും ദൈവികസംസർഗ്ഗത്തിന്റെ പാരമ്യതയിലേക്കും അവ വളർന്നുകൊണ്ടിരിക്കുന്നു. ഈ നിയോഗവും പദവിയുമാണ് ഓരോ ദൂതവൃന്ദത്തിനും ഉള്ളതെങ്കിലും അതാതിന്റെ കഴിവിനൊത്ത് സെറാഫുകളിൽത്തുടങ്ങി മാലാഖമാരിൽ അവസാനിക്കുന്ന വിശുദ്ധിയുടെ അവരോഹണക്രമം അല്ലെങ്കിൽ മാലാഖമാരിൽത്തുടങ്ങി പടിപടിയായി ഉയർന്ന് സെറാഫുകളിൽ ചെന്നുനിൽക്കുന്ന വിശുദ്ധിയുടെ (ആരോഹണത്തിന്റെ) ശ്രേണിയുണ്ട്.

ദൈവീകസ്വഭാവത്തിന്റെതന്നെ ഏതെങ്കിലും ഒരു ഗുണവിശേഷം പ്രതിഫലിപ്പിക്കുന്നതാണ് ഓരോ വൃന്ദത്തിന്റെയും നാമം. അതാതു വൃന്ദത്തിന്റെ നിലയും നിയോഗവും പേരുകൊണ്ടു വ്യക്തമാവുന്നു.

**1. സ്രോപ്പേ:** (എബ്രായഭാഷയിൽ സെറാഫീം, ഇംഗ്ലീഷിൽ Seraphim.) സ്രോപ്പേ അല്ലെങ്കിൽ സെറാഫുകളെ സംബന്ധിച്ച പരാമർശം വേദപുസ്തകത്തിൽ യെശ. 6:2-6 ൽ മാത്രമേ കാണുന്നുള്ളൂ. എബ്രായഭാഷയിൽ സെറാഫീം എന്ന പദം "തീയ്യ് കത്തുക" എന്നർത്ഥം വരുന്ന മൂലപദത്തിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതാണ് "തീമയർ" അഗ്നിമയർ എന്നാവും സെറാഫുകൾക്ക് മല

യാളത്തിൽ കൊടുക്കാവുന്ന തത്തുല്യപദം യെശ. 6:2–6 ൽ സെറാഫുകൾക്ക് ആറു ചിറകുകൾ ഉള്ളതായി വിവരിച്ചിരിക്കുന്നു. രണ്ടുകൊണ്ടു മുഖംമൂടി രണ്ടുകൊണ്ടു കാൽമൂടി രണ്ടുകൊണ്ടു പറന്ന് വാക്യപ്രതിവാക്യമായി ('ഒരുത്തനോടൊരുത്തൻ) സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ പരിശുദ്ധൻ..... എന്ന് ആർത്ത് സ്തുതിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തോട് ഏറ്റം അടുത്തു നിലകൊണ്ട് ദൈവതേജസ്സ് നൽകുന്ന ചൂടും പ്രകാശവും ഒട്ടും കുറവും മറവും കൂടാതെ സ്വീകരിച്ച് ബഹിർസ്ഫുരിപ്പിക്കുന്നതിനുള്ള കഴിവുള്ളതുകൊണ്ട് രണ്ടാമത്തെ വൃന്ദത്തിന് 'അഗ്നിമയർ' എന്ന പേരുണ്ടായി. തീയ്യ് ശുദ്ധീകരിക്കുന്നു. സെറാഫുകൾ ശുദ്ധീകരിക്കുന്ന ദൈവസാന്നിധ്യമാണ്. ആ ജ്വാലയോട് അടുത്തുവരുന്നവർ "എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ...." എന്ന് യെശയ്യാവിനെപ്പോലെ പറയും.

ദൈവസാന്നിധ്യത്തെ മങ്ങിക്കുന്നതും മറയ്ക്കുന്നതുമായ സകല നിഴലുകളെയും അന്ധകാരത്തെയും വിപാടനം ചെയ്യുന്ന ആഗ്നേയരാണ് സെറാഫുകൾ. ദൈവം മാത്രമാണ് പൂർണ്ണൻ. പരിശുദ്ധിയുടെ പൂർണ്ണത അവിടത്തേക്കുമാത്രം. "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...." എന്ന് അനസ്യൂതം ദൈവത്തെ പുകഴ്ത്തിക്കൊണ്ട് ദൈവീകമായ പരിശുദ്ധിയുടെ പൂർണ്ണതയിലേക്ക് നിരന്തരം അവ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. മാത്രമല്ല അടുത്തുവരുന്നവരെ രൂപാന്തരപ്പെടുത്തി പ്രകാശത്തിലേക്ക് ആകർഷിച്ച് ആവാഹിക്കുകയും ചെയ്യുന്നു. സദാപി ചിറകടിച്ച് പറന്നു നീങ്ങിക്കൊണ്ടിരിക്കുന്ന അഗ്നിമയരുടെ ചലനാത്മകതയ്ക്കും ഗതീയതയ്ക്കും രണ്ടു തലങ്ങൾ ഉണ്ട്. ഒന്ന് ആരോഹണവും മറ്റേത് അവരോഹണവും. ആരോഹണം ദൈവാഭിമുഖമായാണ്; പൂർണ്ണദൈവദർശനത്തിലേക്കും ദൈവസംസർഗ്ഗത്തിലേക്കും ദൈവീകരണത്തിലേക്കുമുള്ള കയറ്റം. അവരോഹണം ദൈവത്തിൽനിന്ന് താഴെയുള്ളവർക്ക് അഭിമുഖമായാണ്. താഴെയുള്ളവരിലേക്ക് തിരിഞ്ഞ്, ലഭിച്ച പ്രകാശം അവരിലേക്ക് സംക്രമിപ്പിച്ച് അവരെയും സംവഹിച്ചുകൊണ്ട് ദൈവസന്നിധിയിലേക്ക് വീണ്ടും അവ തിരിഞ്ഞു നീങ്ങുകയായി.

**2. ക്രോബേ.** ക്റൂബിം എന്നാണ് എബ്രായ പദം. ഇതിന്റെ അർത്ഥം നിശ്ചയമില്ല. എന്നാൽ സുറിയാനിയിൽ ക്രോബേ എന്നതിന്റെ മൂലപദത്തിന് 'പരിചിന്തനം' എന്ന് ആലങ്കാരികമായ ഒരർത്ഥം കൊടുത്തുകാണുന്നു. അരിയോപഗയിലെ ദിവന്നാസ്യോസ് ക്റൂബിം എന്ന എബ്രായ ശബ്ദത്തിന് 'പരിജ്ഞാന പൂർണ്ണത' എന്ന നിരുക്തം കൊടുക്കുന്നുണ്ട്. ഇത് സ്വീകാര്യമെങ്കിൽ കെരൂബുകൾ എന്ന പേരുസൂചിപ്പിക്കുന്നത് ദൈവത്തെ അടുത്ത് കണ്ടറിയുന്നതിനുള്ള കഴിവാണ്. ആഴമായ ദൈവജ്ഞാനവും അടുത്ത ദൈവദർശനവും നൽകുന്ന "പരിജ്ഞാന പൂർണ്ണത" ചുറ്റുമുള്ളവരിലേക്ക് പകർന്ന് അവരെ ദൈവകാരുണ്യത്തിലേക്കും ദൈവദർശനത്തിലേക്കും വളർത്തുകയാണ് കെറൂബുകൾ.

യെഹസ്കിയേൽ പ്രവചനം അനുസരിച്ച് കെറൂബുകൾക്ക് നന്നാലു മുഖങ്ങളും (സിംഹം, കാള, കഴുകൻ, മനുഷ്യൻ) നന്നാലു ചിറകുകളും ഉണ്ട്. (യെഹ. 1:6–11; 10:1), ദൈവസാന്നിധ്യം അഗ്നിതേജസ്സായിട്ടാണ് യെഹസ്കിയേൽ കാണുന്നത്. അഗ്നിതേജസ്സിനു ചുറ്റും നിന്നുകൊണ്ട് ഈരണ്ടു ചിറകുകൾ വിടർത്തി തമ്മിൽ തൊട്ടും ഈരണ്ടു ചിറകുകൊണ്ട് ശരീരം മറച്ചും തേജസ്സിനൊപ്പം കെറൂബുകൾ സദാ നീങ്ങിക്കൊണ്ടിരിക്കുന്നു. ദൈവതേജസ്സിന്റെ സാമിപ്യംകൊണ്ട് തേജസ്സു ധരിച്ചിരിക്കുന്ന കെരൂബുകളെ തേജസ്സിന്റെ കെരൂബുകൾ എന്ന് എബ്രാ. 9:5 ൽ പറയുന്നു. "യഹോവയുടെ മഹത്വം (തേജസ്സ്) സ്വസ്ഥലത്തുനിന്ന് അനുഗ്രഹിക്കപ്പെടുമാറാകട്ടെ" (യെഹ. 3:12) എന്ന സ്തുതിഗീതം അനവരതം ചൊല്ലിക്കൊണ്ടാണ് കെറൂബുകൾ ദൈവസന്നിധിയിൽ നിൽക്കുന്നത്. കെറൂബുകളുടെ മദ്ധ്യേ അഗ്നിതേജസ്സായി പ്രത്യക്ഷനായിരിക്കുന്ന ദൈവത്തോട് "കെറൂബുകളിൽ അധിവസിക്കുന്നുവനേ പ്രകാശിക്കേണമേ" എന്നു സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നു (സങ്കീ. 80:1).

യിസ്രായേല്യരുടെ വിശ്വാസമനുസരിച്ച് നിയമം (തോറാ) ദൈവസാന്നിധ്യം തന്നെയാണ്. നിയമപ്പെട്ടകത്തിനു മുകളിലുള്ള കൃപാസനത്തിൽ ദൈവം നിവസിക്കുന്നു. ഇത് സൂചിപ്പിക്കുന്നതിന് കൃപാസനത്തിന്റെ രണ്ടറ്റത്തും പിടിപ്പിച്ചിരിക്കുന്ന രണ്ടു കെറൂബുകൾ കൃപാസനത്തെ മൂടിക്കൊണ്ടു നിൽക്കുന്നു. യറുശലേം ദൈവാലയത്തിന്റെ അന്തർമന്ദിരത്തിനു നടുവിൽ വിടർത്തിയ ചിറകുകളോടെ ഉണ്ടാക്കിവച്ചിരുന്ന കെറൂബുകളും ദേവാലയത്തിന്റെ ചുവരുകളിലും കതകുകളിലും കൊത്തിയുണ്ടാക്കിവച്ചിരുന്ന കെറൂബുകളും ദൈവസാന്നിധ്യമാണ് സൂചിപ്പിച്ചിരുന്നത് (1 രാജാ. 6:25–35).

യെശയ്യാ പ്രവചനത്തിലെ ആറാറു ചിറകുകളുള്ള സെറാഫുകളും (യെശ. 6:1–6). യെഹസ്കിയേൽ പ്രവചനത്തിലെ നന്നാലു മുഖങ്ങളും

നന്നാലു ചിറകുകളുമുള്ള കെറൂബുകളും ചേർന്ന് വരുന്നതാവണം വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നാലു ജീവികൾ (വെളി. 4:6–8).

യാക്കോബിന്റെ തക്സായിൽ അനേകം കണ്ണുകളുള്ള ക്രോബേന്മാർ എന്ന വിശേഷണം കാണുന്നുണ്ട്. പന്ത്രണ്ടു ശ്ലീഹന്മാരുടെ തക്സായിൽ 'നന്നാലു മുഖങ്ങളുള്ള ക്രോബേന്മാർ' എന്നും കാണുന്നു. യെഹസ്കിയേൽ പ്രവചനത്തിൽ കെറൂബുകൾക്ക് നന്നാലു മുഖങ്ങളുണ്ടല്ലോ. കെറൂബുകളുടെ പരിജ്ഞാന പൂർണ്ണതയുടെ അടിസ്ഥാനം അവയുടെ എട്ടു കണ്ണുകളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അറിവിന്റെ ആഴവും പരപ്പുമാണ് ഈ അനേകം കണ്ണുകൾ സൂചിപ്പിക്കുന്നത്. ഈ പരിജ്ഞാനം ഒരുവശത്ത് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് ദൈവത്തെ അടുത്ത് ആഴമായി അറിയുന്നതിനും ലോകത്തിലേക്ക് തിരിഞ്ഞ് മനുഷ്യരെ ആഴമായും സമഗ്രമായും അറിയുന്നതിനുമുള്ള കഴിവിനെ സൂചിപ്പിക്കുന്നു. ഇങ്ങനെ ക്രോബേ 'ശബ്ദത്തിനുള്ള പരിജ്ഞാനപൂർണ്ണത' എന്ന നിരുക്തം കെറൂബുകൾ അന്വർത്ഥമാക്കിയിരിക്കുന്നു.

സാറാഫുകളുടെ സ്തുതിവചനം 'യഹോവ പരിശുദ്ധൻ... പരിശുദ്ധൻ... പരിശുദ്ധൻ' എന്നാണെങ്കിൽ കെറൂബുകളുടേത് 'യഹോവ വാഴ്ത്തപ്പെട്ടവൻ' എന്നാകുന്നു. അതുകൊണ്ടത്രേ മാർ യാക്കോബിന്റെ തക്സായിൽ 'ക്രോബേന്മാരാൽ വാഴ്ത്തപ്പെടുന്നവനും സ്രോപ്പേന്മാരാൽ കാദിശ് പാടപ്പെടുന്നവനും എന്ന ദൈവത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്.'

**3. മൗത്ത്ബേ** (സിംഹാസനങ്ങൾ; thrones; ഗ്രീക്ക് thronoi) ദൈവവാഹികളായ സ്വർഗ്ഗീയ ഗണമാണ് സിംഹാസനങ്ങൾ. ദൈവീക നിവാസത്തിനുവേണ്ടി സദാ ഒരുങ്ങി ദൈവാഗമനം എപ്പോഴും സ്വാഗതം ചെയ്ത് അവ നിലകൊള്ളുന്നു. കെറൂബുകളെത്തന്നെയാണ് ദൈവീക സിംഹാസനങ്ങളായി സങ്കീർത്തനക്കാരൻ കാണുന്നത് (സങ്കീ. 80:1; 99:1) ദാനി 7:9 ലും വെളി. 4:2–6 ലും ദൈവസിംഹാസനം സ്വർഗ്ഗീയ ഗണമായി പരിഗണിക്കപ്പെടുന്നില്ല. ദൈവികതേജസ്സും പ്രകാശവും കൊണ്ട് ശോഭപൂർണ്ണമായ ദൈവനിവാസസ്ഥാനമായി അതിനെ ചിത്രീകരിച്ചിട്ടുമുണ്ട്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി വി. പൗലോസ് സിംഹാസനങ്ങളെ സ്വർഗ്ഗീയ ഗണങ്ങളിൽ ഒന്നായി പറഞ്ഞിരിക്കുന്നു. (കൊലോ. 1:16).

**4. മോറോവോസോ** (കർത്തൃത്വങ്ങൾ; dominions; ഗ്രീക്ക്: Kyriotes) ത്രിവൃന്ദങ്ങളുടെ

> ദൈവസാന്നിധ്യത്തെ മങ്ങിക്കുന്നതും മറയ്ക്കുന്നതുമായ സകല നിഴലുകളെയും അന്ധകാരത്തെയും വിപാടനം ചെയ്യുന്ന ആഗ്നേയരാണ് സെറാഫുകൾ. ദൈവം മാത്രമാണ് പൂർണ്ണൻ. പരിശുദ്ധിയുടെ പൂർണ്ണത അവിടത്തേക്കു മാത്രം.

രണ്ടാം സംഘത്തിൽ ആദ്യത്തേതാണ് 'മോറോവോസോകൾ' അഥവാ 'കർത്തൃത്വങ്ങൾ' (എഫെ. 1:21, കൊലോ. 1:16). ലോകത്തിൽ കർത്തൃത്വങ്ങൾ ഉണ്ട്. ഭീതിയും ദാസ്യത്വവുമാണ് ലോകത്തിലെ കർത്തൃത്വങ്ങൾ നൽകുക. അവ ദൈവത്തിന്റെ കർത്തൃത്വത്തിൽ അടിസ്ഥാനപ്പെട്ടിട്ടുള്ളതല്ല. ദൈവികമായ കർത്തൃത്വമാകട്ടെ സ്നേഹവും സ്വാതന്ത്ര്യവും നൽകുന്നു. കർത്തൃത്വത്തിന്റെ ലോകമാതൃകകളോടു പൊരുത്തപ്പെടാതെ അതിൽനിന്നും ഉയർന്ന് നിരന്തരം ദൈവത്തിങ്കലേക്ക് തിരിഞ്ഞ് കർത്തൃത്വത്തിന്റെ നിത്യവും ദൈവീകവുമായ ശ്രോതസ്സിൽ പങ്കാളികളാവുകയും താഴെയുള്ളവരെ അതിലേക്ക് ആകർഷിച്ച് ആനയിച്ച് അവരെയും അതിൽ പങ്കുകാരാക്കുകയുമാണ് സ്വർഗ്ഗീയ വൃന്ദമായ കർത്തൃത്വങ്ങൾ.

**5. ഹൈലേ/ഹൈലോവോസോ** (ശക്തികൾ; Powers; ഗ്രീക്ക്: dynameis എഫെ. 1:21, 1 പത്രോ. 3:22 എന്നീ ഭാഗങ്ങൾ സ്വർഗ്ഗീയ ഗണമായ 'ശക്തികളെ' സംബന്ധിച്ച പരാമർശം കാണാം. ദൈവീകകാര്യങ്ങൾ പൂർത്തീകരിക്കുന്നതിൽ ഉലഞ്ഞുപോകാത്ത ധൈര്യവും സ്ഥൈര്യവും 'ശക്തികൾ' പ്രദർശിപ്പിക്കുന്നു. അശേഷം അലസതയും ഉദാസീനതയും കൂടാതെ സദാ ദിവ്യ പ്രകാശം സ്വീകരിച്ച് ദൈവീകരിക്കപ്പെടുകയും ചുറ്റമുള്ളവരെ ദൈവീകരണപ്രക്രിയയിലേക്ക് ആവാഹിക്കുകയും ചെയ്യുന്നവരാണ് ശക്തികൾ.

**6. സശുൽത്താനേ/ശാലീത്തോനേ** (അധികാരങ്ങൾ; authorities ഗ്രീക്ക്: exousiai എഫെ. 1:21, 3:10 കൊലോ. 1:16; 2:10; 10:1, പത്രോ. 3:22 എന്നീ ഭാഗങ്ങളിലാണ് 'അധികാരങ്ങൾ' എന്ന സ്വർഗ്ഗീയ ഗണത്തെക്കുറിച്ചു പരാമർശിച്ചിരിക്കുന്നത്. അധികാരം മേൽക്കോയ്മയല്ല. സർവ്വ അധികാരങ്ങളുടെയും ഉറവിടവും അടിസ്ഥാനവുമായ പരമാധികാരിയായ ദൈവത്തോട് നിരന്തരം താദാത്മ്യം പ്രാപിക്കുമ്പോൾ മാത്രമേ അധികാരത്തിന്റെ യഥാർത്ഥ പൊരുൾ വെളിവായ് വരുകയുള്ളൂ. സൃഷ്ടിയെ ഒരു താളലയത്തിൽ ഇണക്കി ദൈവസന്നിധിയിലേക്ക് കൂട്ടിക്കൊണ്ടുപോകാനുള്ള ദൗത്യം 'അധികാരങ്ങൾ' എന്ന ദിവ്യ സംഘത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

**7. റീശൻവോസോ/അർക്കാവോസ്** (വാഴ്ചകൾ; rules; ഗ്രീക്ക് : archai. എഫെ. 1:21; 3:10; കൊലോ. എന്നീ ഭാഗങ്ങളിൽ സ്വർഗ്ഗീയ ഗണ്മായ 'വാഴ്ചകളെ'പ്പറ്റി പറഞ്ഞിരിക്കുന്നു. വാഴ്ച എന്ന് അർത്ഥമുള്ള arch എന്ന ഗ്രീക്കു പദത്തിന്റെ സുറിയാനിരൂപമാണ് 'അർക്കാവോസ്.' സ്വർഗ്ഗീയവും രാജകീയവുമായ പ്രാമാണികതയാണ് 'വാഴ്ചകൾ' എന്ന പേരു സൂചിപ്പിക്കുന്നത്. എല്ലാ പ്രമാണങ്ങൾക്കും ശ്രോതസ്സായ പ്രമാണത്തിന് അഭിമുഖമായി നീങ്ങിക്കൊണ്ട് സർവ്വത്തെയും ആ ആത്യന്തിക പ്രമാണത്തിലേക്ക് ഒരു രാജാവിനെപ്പോലെ വഴി നയിക്കുന്നവരാണ് പ്രമാണികരായ വാഴ്ചകൾ എന്ന സ്വർഗ്ഗീയ സംഘം.

**8. റീശൈ മാലാഖേ** (പ്രധാനദൂതന്മാർ; archangles; ഗ്രീക്ക്: archangelioe. മാലാഖ (ദൂതൻ) ദൈവത്തിന്റെ ദൈവികദൂത് വഹിക്കുന്നവരും വ്യാഖാനിക്കുന്നവരുമാണ്. ദൈവത്തിൽനിന്ന് സന്ദേശം സ്വീകരിച്ച് മനുഷ്യർക്ക് സംവേദിക്കുകയാണ് മാലാഖകളുടെ കർത്തവ്യം. ഈ കർത്തവ്യനിർവ്വഹണത്തിൽ മാലാഖമാരോട് കൂട്ടുത്തരവാദികളായി നേതൃത്വം വഹിക്കുന്നവരാണ് പ്രധാന മാലാഖമാർ. ദാനി. 10:13 – 21; 12:1; 1 തെസ്സ. 4:16; യൂദാ 9 എന്നീ ഭാഗങ്ങളിൽ പ്രധാന ദൂതൻ എന്നു പറഞ്ഞിരിക്കുന്നു. പാരമ്പര്യപ്രകാരം ഗബ്രിയേലും പ്രധാന ദൂതനാണ്.

**9. മാലാഖേ** (ദൂതന്മാർ; angels; ഗ്രീക്ക്: angeloi. സെറാഫുകളിൽ ആരംഭിക്കുന്ന ദൂതഗണങ്ങളിൽ അവരോഹണ ക്രമത്തിൽ ഒടുവിലത്തേതാണ് മാലാഖമാർ. ദൈവനിശ്ചയങ്ങളും സന്ദേശങ്ങളും മനുഷ്യനു വെളിപ്പെടുത്തി വ്യാഖ്യാനിച്ചുകൊടുക്കാനുള്ള പ്രത്യേക നിയോഗമുള്ളതുകൊണ്ടും മനുഷ്യരോട് അടുത്ത് നിൽക്കുന്നതുകൊണ്ടും ഈ ഗണത്തിന് ദൂതന്മാർ എന്ന പദം കൂടുതൽ യോജിക്കുന്നു. മനുഷ്യരെ ദൈവികദൂത് നൽകി ദിവ്യ പ്രകാശം കൊണ്ടു നിറച്ചു ദൈവസന്നിധിയിലേക്ക് ഉയർത്തി ദൈവീകരിക്കുകയാണ് ദൈവദൂതന്മാർ.

വെളിപാട് പുസ്തകം 5:11 ൽ ദൂതന്മാരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവുമായി പറഞ്ഞിരിക്കുന്നു. ആയിരമായിരം പത്തുലക്ഷവും പതിനായിരം പതിനായിരം പത്തുകോടിയും വരും. എന്നാൽ ഈ പ്രയോഗം വഴി മാലാഖമാരെ എണ്ണിത്തിട്ടപ്പെടുത്തുകയല്ല; മറിച്ച് എണ്ണിത്തിട്ടപ്പെടുത്താവുന്നതിലും അധികമാണ് അവരുടെ സംഖ്യ എന്ന് സൂചിപ്പിക്കുകയാണ്. ഇക്കാരണത്താലാണ് ചില തക്സാകളിൽ മാലാഖമാരെക്കുറിച്ച് ആയിരം ആയിരമെന്നും

വെളിപാട് പുസ്തകം 5:11 ൽ ദൂതന്മാരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവുമായി പറഞ്ഞിരിക്കുന്നു. ആയിരമായിരം പത്തുലക്ഷവും പതിനായിരം പതിനായിരം പത്തുകോടിയും വരും. എന്നാൽ ഈ പ്രയോഗം വഴി മാലാഖമാരെ എണ്ണിത്തിട്ടപ്പെടുത്തുകയല്ല; മറിച്ച് എണ്ണിത്തിട്ടപ്പെടുത്താവുന്നതിലും അധികമാണ് അവരുടെ സംഖ്യ എന്ന് സൂചിപ്പിക്കുകയാണ്.

പതിനായിരം പതിനായിരമെന്നും പരാമർശിക്കുമ്പോൾ മറ്റ് ചില തക്സാകളിൽ എണ്ണപ്പെടാൻ പാടില്ലാത്തവരായ സ്വർഗ്ഗീയഗണങ്ങൾ എന്ന് പരാമർശിച്ചിരിക്കുന്നത്. ഇതേ കാരണത്താൽ തന്നെയാണ് എബ്രായ. 12:22 ൽ അനേകായിരം ദൂതന്മാരുടെ സർവ്വസംഘം എന്ന് പറഞ്ഞിരിക്കുന്നത്. ഇവയെല്ലാം മാലാഖമാരുടെ സംഖ്യാതീതതലമാണ് സൂചിപ്പിക്കുന്നത്.

മുൻപറഞ്ഞ 9 വൃന്ദങ്ങൾ കൂടാതെ മറ്റ് 3 വൃന്ദം മാലാഖമാർ കൂടെയുണ്ടായിരുന്നു എന്നും ഈ ത്രിവൃന്ദങ്ങൾ സ്വർഗ്ഗത്തിൽനിന്നും പതിച്ചുപോയതാണ് പൈശാചികസൈന്യം എന്നും സുറിയാനി പാരമ്പര്യത്തിൽ കാണുന്നു. പ്രകാശവാഹികൾ എന്നർത്ഥം വരുന്ന ശ്ഖീലായ് നൂറോ എന്നാണ് സുറിയാനിയിൽ വീണുപോയ ദൂതന്മാരുടെ നാമം. യെശയ്യാവ് 14–ാം അദ്ധ്യായം 12–ാം വാക്യത്തിൽ കാണുന്ന അരുണോദയ പുത്രന്റെ പതനം (ബാബിലോൺ രാജാവിന്റെ പതനമായിട്ടാണ് പ്രത്യക്ഷത്തിൽ നൽകേണ്ട വ്യാഖ്യാനം) മാലാഖമാരുടെ പതനത്തെ സൂചിപ്പിക്കുന്നതിനായി വ്യാഖ്യാനിക്കുന്ന പാരമ്പര്യം ഉണ്ട്. പുരാതന ലത്തീൻ പരിഭാഷയിൽ അരുണോദയപുത്രനായ ശുക്രൻ എന്നതിന് ലൂസിഫർ (പ്രകാശ വാഹകൻ) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ലൂക്കോസ് 10:18 ൽ സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നും വീഴുന്നത് ഞാൻ കണ്ടു എന്ന കർത്താവിന്റെ വാക്കുകൾ യെശയ്യാ പ്രവചനം 14:12 മായി ബന്ധിപ്പിച്ച് വി. ജറോം ലൂസിഫറിനെ പൈശാചിക ശക്തികളുടെ പ്രതീകമായി കാണുന്നു. വാഴ്ചകൾ, അധികാരങ്ങൾ, ശക്തികൾ എന്നീ പദങ്ങൾ വി. പൗലോസ് മറ്റ് ചില ഭാഗങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. ഇത് പൈശാചിക ശക്തികളെ ഉദ്ദേശിച്ചാണെന്ന് സന്ദർഭംകൊണ്ട് വ്യക്തമാവുന്നു (1 കൊരി. 15:24, എഫെ. 6:12, കൊലോ. 2:15).

മുൻകൊടുത്തിരിക്കുന്ന ചർച്ചയുടെ വെളിച്ച

ത്തിൽ ആകെ 12 വൃന്ദം മാലാഖമാർ; 3 വൃന്ദങ്ങൾ വീതമുള്ള 4 ത്രിവൃന്ദങ്ങൾ. നാലാമത്തെ ത്രിവൃന്ദം ദൈവസന്നിധിയിൽ നിന്നും നിഗളിച്ച് നിപതിച്ചുപോയി. ആദ്യത്തെ മൂന്നെണ്ണം ദൈവസന്നിധിയിൽ തന്നെ നിലനിൽക്കുന്നു. വി. പൗലോസ് അപ്പോസ്തലന്റെ ലേഖനങ്ങളിൽ ഹൈലേ (ശക്തികൾ), ശുൽത്തോനേ (അധികാരങ്ങൾ), റീശൻവോസോ (വാഴ്ചകൾ), മാലാഖേ (ദൂതന്മാർ) എന്നീ നാമങ്ങൾ ദൈവസന്നിധിയിൽ നിലനിൽക്കുന്ന മാലാഖമാർക്കും ദൈവസന്നിധിയിൽനിന്ന് നിപതിച്ചുപോയ മാലാഖമാർക്കും ഉപയോഗിക്കുന്നുണ്ട്. നിലനിൽക്കുന്ന മാലാഖമാരിൽ ഈ പേരുകളുള്ള വൃന്ദങ്ങളെ സംബന്ധിച്ച് പരാമർശിക്കുന്ന വേദഭാഗങ്ങൾ മുകളിൽ കൊടുത്തിട്ടുണ്ട്. നിപതിച്ചുപോയ മാലാഖമാരിൽ ഈ പേരുകൾ തന്നെയുള്ള വൃന്ദങ്ങളെക്കുറിച്ച് പരാമർശിക്കുന്ന വേദഭാഗങ്ങൾ ഇവയാണ് – ഹൈലേ (ശക്തികൾ) റോമ. 8:38, 1 കൊരി. 15:24, ശുൽത്തോനേ (അധികാരങ്ങൾ) 1 കൊരി. 15:24, കൊലോ. 2:15, എഫെ. 6:12, റീശൻവോസോ (വാഴ്ചകൾ) റോമ. 8:38, 1 കൊരി. 15:24, കൊലോ. 2:15, എഫെ. 6:12, മാലാഖേ (ദൂതന്മാർ) റോമ 8:38.

വേദപുസ്തക പാരമ്പര്യത്തിൽ ദൈവസാന്നിധ്യത്തെ ദൈവതേജസ്സുകൊണ്ട് സൂചിപ്പിച്ചിട്ടുണ്ട്. (പുറ. 24:12–18). ദൈവദർശനം ദൈവതേജസ്സിന്റെ ദർശനമാണ് (പുറ. 33:18–23). ദൈവീകരണം ദൈവതേജസ്സിലുള്ള പങ്കാളിത്തമാണ് തേജസ്കരണമാണ് (പുറ. 34:29–35). മാലാഖമാർ മുതൽ സെറാഫുകൾ വരെയുള്ള സ്വർഗ്ഗീയ വൃന്ദങ്ങളുടെ വിവരണത്തോടനുബന്ധിച്ച് അഗ്നി, പ്രകാശം, തേവൂസ് എന്നീ പദങ്ങൾ കാണാം (യെശ. 6:1–72, ലൂക്കോ 2:9, എബ്രാ. 9:5, വെളി. 4:2–11). സ്വർഗ്ഗീയഗണങ്ങൾ ദൈവതേജസ്സിൽ പങ്കാളികളായി .... ദൈവസന്നിധിയിൽ നിൽക്കുന്നു. അക്കാരണത്താൽ അവരെ തേജസ്സുകൾ എന്നും വിളിക്കുന്നുണ്ട്. 2 പത്രോ. 2:10, യൂദ. 8. എന്നീ ഭാഗങ്ങളിൽ മലയാള പരിഭാഷയിൽ കാണുന്ന ദൂതന്മാർ ... എന്നീ വാക്കുകൾക്ക് ഗ്രീക്ക് മൂലത്തിൽ കൊടുത്തിരിക്കുന്നത് തേജസ്സുകൾ എന്നർത്ഥം വരുന്ന ..... എന്ന പദമാണ്.

അരിയോപഗയിലെ ദിവന്നാസ്യോസ് പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ദൈവീകരണത്തിന് മൂന്നു ഘട്ടങ്ങൾ ഉണ്ട്: ശുദ്ധീകരണം, പ്രകാശനം, സമ്പൂർണ്ണത. ദൈവസാന്നിധ്യത്തിൽ ശുദ്ധീകരിക്കപ്പെട്ട് പ്രകാശിക്കപ്പെട്ട് സമ്പൂർണ്ണതയിലേക്ക് വളരുകയാണ് മാലാഖമാരുടെ ഈ വൃന്ദങ്ങൾ. ശുദ്ധീകരിക്കപ്പെടുംതോറും കൂടുതൽ പ്രകാശിക്കുന്നു. പ്രകാശിതമാവും തോറും കൂടുതൽ ശുദ്ധീകരിക്കപ്പെടുന്നു. രണ്ടും പൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്ക് നയിക്കുന്നു. ഒരു ചക്രത്തിലെ ആരക്കാലുകൾ പോലെ ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് അനവരതം നീങ്ങി ദൈവോന്മുഖമായി ദൈവജ്ഞാനത്തിന്റെയും ദൈവദർശനത്തിന്റെയും ദൈവീകരണത്തിന്റെയും സമ്പൂർണ്ണതയിലേക്ക് ക്രമാനുഗതമായി അവ ചലിക്കുന്നു. ദൈവസന്നിധിയിൽ സ്വർഗ്ഗീയഗണങ്ങളോടൊത്ത് ആരാധിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെയും ആത്യന്തിക ലക്ഷ്യം ദൈവീകരണം തന്നെ.

**ദൂതവൃന്ദങ്ങൾ**

(അവരോഹണക്രമത്തിൽ)

| മലയാളം | സുറിയാനി | എബ്രായ | ഗ്രീക്ക് | ഇംഗ്ലീഷ് |
|---|---|---|---|---|
| **ഒന്നാമത്തെ ത്രിവൃന്ദങ്ങൾ** | | | | |
| സെറാഫുകൾ | സ്രോപ്പേ | സെറാഫീം | Seraphin | Seraphim |
| കെറൂബുകൾ | ക്രോബേ | ക്റൂബിം | Cheroubin | Cerubim |
| സിംഹാസനങ്ങൾ | മൗത്ത്ബേ | ........ | thronoi | thrones |
| **രണ്ടാമത്തെ ത്രിവൃന്ദങ്ങൾ** | | | | |
| കർത്തൃത്വങ്ങൾ | മോറോവോസോ | .................. | Kyriotetes | dominions |
| ശക്തികൾ | ഹൈലേ (ഹൈലേവോസോ) | .................. | dynameis | powers |
| അധികാരങ്ങൾ | ശുൽത്തോനേ (ശാലീത്തോനേ) | .................. | exousiai | authorities |
| **മൂന്നാമത്തെ ത്രിവൃന്ദങ്ങൾ** | | | | |
| വാഴ്ചകൾ | റീശൻവോസോ (അർക്കാവോസ്) | .................. | archai | rules |
| പ്രധാനദൂതന്മാർ | റീശൈമാലാഖ | .................. | archangeloi | archangels |
| ദൂതന്മാർ | മാലാഖേ | .................. | angeloi | angels |

മുഖചിത്രലേഖനം



# നിരണത്തു പള്ളി

**ഡോ. എം. കുര്യൻ തോമസ്**

**ക്രി**സ്തുശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ പ്രേഷിതവൃത്തിയുടെ നേർഫലമാണ് ദൈവമാതാവായ വി. കന്യക മറിയത്തിന്റെ നാമത്തിലുള്ള നിരണത്തുപള്ളി. നിരണം ഭദ്രാസനത്തിന്റെ മാത്രമല്ല, മദ്ധ്യതിരുവിതാംകൂറിലെ ഏതാണ്ട് എല്ലാ പള്ളികളുടേയും തലപ്പള്ളിയാണ് നിരണത്തുപള്ളി. ഏഴും ഏഴരയുടേയും ഒക്കെ കണക്കിൽ മാർത്തോമ്മൻ പൈതൃകം ഉറപ്പിച്ചു പറയാവുന്ന അപൂർവം പള്ളികളിൽ ഒന്നാണ് നിരണത്തുപള്ളി.

പള്ളിസ്ഥാപനത്തെപ്പറ്റിയുള്ള പ്രാദേശിക വായ്മൊഴിവഴക്കം ഇപ്രകാരം സംഗ്രഹിക്കാം. *...നീർമണ്ണ് എന്നറിയപ്പെടുന്ന പുരാതന നാവിക വാണിജ്യ കേന്ദ്രമായിരുന്ന നിരണത്ത് തൃക്കപാലേശ്വരം ക്ഷേത്രത്തിനു സമീപം എ.ഡി. 53-ൽ തോമ്മാശ്ലീഹാ ഒരു കുരിശു സ്ഥാപിച്ചു. വിരോധികളായ പത്തില്ലക്കാർ പിഴുതെറിഞ്ഞ കുരിശ് മുതലപ്പുഴയാറ്റിൽനിന്നും വീണ്ടെടുത്തു. തോമ്മാശ്ലീഹ ആ കുരിശ് ഇപ്പോൾ പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പുനഃസ്ഥാപിച്ചു. മടിപ്പറമ്പിൽ കോയിക്കൽ തമ്പുരാൻ കരമൊഴിവായി ദാനംചെയ്ത സ്ഥലത്ത് ദേവാലയം പണിതു...* ഈ ഐതിഹ്യത്തിന്റെ ചരിത്രസാംഗത്യം എന്തായാലും ചരിത്രപരമായി ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ മാർത്തോമ്മൻ പ്രേഷിതവൃത്തിക്ക് എല്ലാ ഭൗതീക സാദ്ധ്യതകളും ഒത്തിണങ്ങിയ സ്ഥലമായിരുന്നു നിരണം. മാർത്തോമ്മാ ശ്ലീഹാ വന്നിറങ്ങി എന്നു വിശ്വസിക്കപ്പെടുന്ന *തോമത്തു കടവ്* ഇന്നൊരു തീർത്ഥാടന കേന്ദ്രമാണ്.



തോമത്തു കടവ്

തെക്കെ ഇന്ത്യയിൽ അക്കാലത്തെ പ്രമുഖ അന്തർദേശീയ തുറമുഖ നഗരങ്ങളിലാണ് മാർത്തോമ്മാ ശ്ലീഹാ സുവിശേഷം അറിയിച്ചത്. യഹൂദരും ഗ്രീക്കുകാരും അറബികളും കോപ്ടുകളും ചീനരും റോമാക്കാരും വന്നുപോവുകയും കുടിപാർക്കുകയും ചെയ്യുന്ന നഗരങ്ങളായിരുന്നു അവ. അത്തരത്തിലൊരു തുറമുഖമായിരുന്ന നെൽക്കിണ്ട അഥവാ നീർമ്മണ്ണിൽ മാർത്തോമ്മാ ശ്ലീഹായ്ക്ക് എത്തിപ്പെടുവാനോ ബഹുഭാഷാവരത്തിന്റെ സഹായംകൂടാതെതന്നെ സുവിശേഷം ഘോഷിക്കുവാനോ നിഷ്പ്രയാസം സാദ്ധ്യമായിരുന്നു. അവിടെ ഒരു സഭ (പള്ളി) ഉണ്ടാവുക സ്വാഭാവികവും.

ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ പാണ്ഡ്യ രാജാക്കന്മാരുടെ പടിഞ്ഞാറൻ തീരത്തെ ഏറ്റവും പ്രമുഖ തുറമുഖമായിരുന്നു നെൽക്കിണ്ട. ജല മാർഗ്ഗമായി കേരളത്തിന്റെ ഉൾനാടുകളെയും കര മാർഗ്ഗമായി പാണ്ടിനാടും കടന്ന് കിഴക്കേ തീരത്തോളം ബന്ധിപ്പിക്കുന്ന വാണിജ്യപാതകളുടെ പ്രഭവകേന്ദ്രമായിരുന്നു നിരണം. അതിനാൽ ത്തന്നെ ഒരു സമ്പന്നനഗരമായിരുന്നു നിരണം എന്നു നിസംശയം പറയാം. മുഹമ്മദ് നബിയുടെ

*കോട്ടയം വടക്കൻമണ്ണൂർ പള്ളി ഇടവകാംഗം. സാമൂഹിക ഗവേഷകനും ഗ്രന്ഥകാരനും 18-ാം നൂറ്റാണ്ടിലെ നസ്രാണികളെപ്പറ്റിയുള്ള ഗവേഷണത്തിന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്നും ഡോക്ടറേറ്റ് നേടി. KCHRന്റെ പോസ്റ്റ് ഡോക്ടറൽ റിസേർച്ച് ഫെലോഷിപ്പും ലഭിച്ചിട്ടുണ്ട്. ഇരുപതോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ഭാര്യ: ജയ. മക്കൾ: കുറിയാക്കോസ്, യാക്കോബ്*

കാലത്തോളം പഴക്കം അവകാശപ്പെ ടുന്ന മുസ്ലീം പള്ളിയും ആർച്ചുബിഷപ്പ് അലക്സീസ് ഡി മെനേസിസിന്റെ ചരിത്രകാരനായ ഗുവയോ വർണ്ണിക്കുന്ന നിരണത്തെ ചെറിയ യഹൂദ കുടി പാർപ്പും ഒരു പരിധിവരെ നിരണത്തിന്റെ അന്തർ ദേശീയ ബന്ധങ്ങളെ സാധൂകരിക്കുന്നുണ്ട്.

അന്തർദേശീയ തുറമുഖങ്ങളിൽ മാർ ത്തോമ്മാശ്ലീഹാ സ്ഥാപിച്ച ക്രൈസ്തവ സഭകൾ ഉൾനാടുകളിലേയ്ക്കു വ്യാപിച്ചത് വ്യാപാര പാതകളുടെ ഓരംപറ്റി സ്ഥാപിക്കപ്പെട്ട പുതിയ ആവാസകേന്ദ്രങ്ങളും അങ്ങാടികളും മൂലമാണ്. അപ്രകാരം നിരണം പള്ളിയിൽ നിന്നും പിരിഞ്ഞ് ആദ്യം സ്ഥാപിക്കപ്പെട്ട പള്ളി ചെങ്ങന്നൂർ ആണ്. തുടർന്ന് പുതുതായി സ്ഥാപിക്കപ്പെട്ട നസ്രാണി അങ്ങാടികളിൽ അനേകം പള്ളികൾ സ്ഥാപി ക്കപ്പെട്ടു. തെക്കുംകൂറിന്റെ സ്ഥാപനകാലത്ത് ചെങ്ങനാശ്ശേരിയിൽ പള്ളിസ്ഥാപിച്ച് കുടിയേ റിയത് നിരണത്തുനിന്നാണ്. അവിടെ നിന്നാണ് പുതുപ്പള്ളി പള്ളിയും അങ്ങാടിയും ഉണ്ടായത്.

മലങ്കരനസ്രാണികൾക്ക് കേന്ദ്രീകൃതസ്വഭാവം വരുന്നത് സഭ എന്ന അടിസ്ഥാനത്തിലല്ല; മറിച്ച് വ്യാപരക്കൂട്ടം എന്ന നിലയിലാണ്. കോട്ടയ ത്തിനു വടക്ക് – കൃത്യമായി ഉാപ്പാലത്തിനു വടക്ക് – ഉള്ള നസ്രാണികളെല്ലാം *മഹോദയ പുരത്തു കുടിയിരിക്കും നസ്രാണിയും* അതിനു തെക്കുള്ളവരെല്ലാം *കുരക്കേണി കൊല്ലത്തു കുടിയിരിക്കും നസ്രാണിയും* ആയിരുന്നു. പക്ഷേ സഭാപരമായി മഹോദയപുരവും കൊല്ലവും അപ്രസക്തമായി. അങ്കമാലിയും നിരണവുമാ യിരുന്നു വടക്കിന്റെയും തെക്കിന്റെയും കേന്ദ്ര സ്ഥാനം. മുമ്പ് സഭയിലെ മുഴുവൻ പള്ളിക ളെയും ഒരുമിച്ചു പ്രതിപാദിക്കുമ്പോൾ *അങ്കമാലി നിരണം മുതലായ പള്ളികൾ* എന്നായിരുന്നു പ്രസ്താവിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യംവരെ മലങ്കര പള്ളി യോഗത്തിൽ അങ്കമാലിക്കു ശേഷം രണ്ടാമത് ഒപ്പിടുവാനുള്ള അധികാരം നിരണത്തു പള്ളിക്കായിരുന്നു. *തെക്കിന്റെ തലപ്പള്ളി* എന്ന സ്ഥാനം നിരണത്തി നായിരുന്നു എന്നാണ് ഇതു വ്യക്തമാക്കുന്നത്.

1599–ലെ കുപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസിൽ പങ്കെടുക്കാൻ നിർബന്ധിതമാ യെങ്കിലും അതിനോട് അനുഭാവകരമായ ഒരു നിലപാടല്ല നിരണത്തുപള്ളി സ്വീകരിച്ചതെന്നു വേണം മനസിലാക്കാൻ. കാരണം മെനസ്സിന്റെ യാത്രാവിവരണമായ ജൊർണാഡോയിൽ ഏതാനും വരികളിലൊതുങ്ങുന്ന തികച്ചും ഹൃസ്വമായ വിവരണമാണ് നിരണം സന്ദർശന ത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നു തന്നെയല്ല, 1653–ലെ ഐതിഹാസികമായ കൂനൻ കുരിശു സത്യത്തിനുശേഷം നിരണംപള്ളിയുടെ പുത്രീദേവാലയങ്ങളിൽ ചമ്പക്കുളവും, ഭാഗിക മായി ചങ്ങനാശ്ശേരിയും മാത്രമാണ് റോമൻ കത്തോലിക്കരുടെ പിടിയിലമർന്നത്. 1618–ൽ തെക്കൻ പ്രദേശത്തെ പള്ളികൾ സന്ദർശിച്ചു റിപ്പോർട്ട് സമർപ്പിച്ച ജോൺ മേരി കാമ്പോരി എന്ന ജസ്യൂട്ട് വൈദീകനും നിരണത്തു തങ്ങൾക്കു ലഭിച്ച *സൗഹൃദപരമല്ലാത്ത സ്വീകര ണത്തെ* പറ്റി പ്രതിപാദിക്കുന്നുണ്ട്.

കൂനൻകുരിശു സത്യത്തിനുശേഷം മാർ ത്തോമ്മാ മെത്രാന്മാരുടെ പിന്നിൽ ഉറച്ചുനിന്ന ദേവാലയങ്ങളിൽ ഒന്നാണ് നിരണത്തുപള്ളി. ജാതിക്കുതലവന്മാരായ മാർത്തോമ്മാ മെത്രാന്മാ രുടെ നേതൃത്വത്തിൽ റോമൻ കത്തോലി ക്കർക്കും തുടർന്ന് അന്ത്യോഖ്യൻ സുറിയാനി ക്കാർക്കും എതിരെ നടത്തിയ സമരങ്ങളിൽ അവരുടെ ഉരുക്കുകോട്ടയായിരുന്നു നിരണത്തു പള്ളി. ഈ നിലപാടിന് നിരണത്തുപള്ളിക്കു കനത്ത വില നൽകേണ്ടി വന്നിട്ടുമുണ്ട്. വലിയ മാർ ദീവന്നാ സ്യോസിനെ റോമൻ കത്തോലിക്കാ സഭയിൽ ചേർക്കാൻ തച്ചിൽ മാത്തുത്തരകനെ മുൻനിർത്തി റോമൻ കത്തോലിക്കർ നടത്തിയ പീഡയുടെ ഭാഗമായി 1799 ഇടവം 3–നു തിരുവിതാംകൂർ സർക്കാർ നിരണം പള്ളി പൂട്ടി മുദ്രവയ്ക്കുകയും പള്ളിമുതൽ കണ്ടുകെട്ടുകയും ചെയ്തു.

എക്കാലത്തും മലങ്കര സഭാദ്ധ്യക്ഷന്മാരായ മാർത്തോമ്മാ മെത്രാന്മാർക്കും മലങ്കര മെത്രാ പ്പോലീത്താമാർക്കും താങ്ങും ഉറച്ച പിന്തുണ നൽകിയിരുന്ന ഇടവകയാണ് നിരണം. രണ്ടാം മാർത്തോമ്മായും അഞ്ചാം മാർത്തോമ്മായും ദീർഘകാലം താമസിച്ചതും യഥാക്രമം 1686 ഏപ്രിൽ 13 (മേടം 3)–നും 1765 മേയ് 8 (മേടം 27) –നും കാലം ചെയ്തു കബറടങ്ങിയതും നിര ണത്തു പള്ളിയിലാണ്. മാർത്തോമ്മാ മെത്രാന്മാ രുടെ ഒരു മുഖ്യ ആസ്ഥാനമായിരുന്നു നിര ണത്തു പള്ളി. കബറടക്കിയത് പുത്തൻകാവിലാ ണെങ്കിലും 1808 ഏപ്രിൽ 8 (മീനം 27)–നു നാൽപതാം വെള്ളിയാഴ്ച വലിയ മാർ ദീവന്നാസ്യോസും 1816 ജനുവരി 10നു മാർത്തോമ്മാ എട്ടാമനും കാലം ചെയ്തത് നിരണത്തു പള്ളിയിൽ വച്ചാണ്.

എക്കാലത്തും സമ്പന്നമായിരുന്നു നിരണത്തു പള്ളി. പൊൻ–വെള്ളി ജംഗമ വസ്തുക്കളും വിശാലമായ കൃഷിഭൂമിയും നിരണത്തു പള്ളിക്കു സ്വന്തമായിരുന്നു. വിഖ്യാതമായ *നിരണത്തു പൊൻകുരിശ്* അതിൽ ഒന്നു മാത്രമാണ്. സഭ യുടെ പൊതു ആവശ്യങ്ങൾക്കായി തങ്ങളുടെ

*മടിശ്ശീല അഴിച്ചുചൊരിയാൻ* നിരണത്തുപള്ളിക്കാർ ഒരിക്കലും സന്ദേഹിച്ചിരുന്നില്ല.

പാരമ്പര്യപ്രകാരം ശ്ലീഹായുടെ കാലത്തു തന്നെ എന്നു വിശ്വസിക്കപ്പെടുന്ന നിരണത്തു പള്ളിയുടെ *പറിച്ചുനടലിനു* പിമ്പിൽ ഭൂമിശാസ്ത്രപരമായ ഒരു കാരണം കൂടിയുണ്ട്. പ്രളയക്കെടുതി പ്രതിവർഷ സംഭവമായ നിരണത്ത് ഒരിക്കലും വെള്ളം കയറാത്ത ഉയർന്ന സ്ഥലത്ത് പ്രളയരേഖയ്ക്കു മുകളിലാണ് ഇപ്പോൾ നിരണത്തുപള്ളി സ്ഥിതി ചെയ്യുന്നത്. പാരമ്പര്യപ്രകാരം അവിടെ രണ്ടു പ്രാവശ്യം പള്ളി പുതുക്കി പണിതിട്ടുണ്ട്. 1259-ലാണ് അവയിൽ ആദ്യത്തേത്. ഇപ്പോൾ നിലനില്ക്കുന്ന പള്ളി പുനർനിർമ്മാണം ആരംഭിച്ചത് 1897 - 1898 കാലത്താണ്. അതിന്റെ കൂദാശ 1912 ഫെബ്രുവരി 15-നു (സുറിയാനിക്കണക്ക് കുംഭം 2) വ്യാഴാഴ്ചമായൽത്തോ പെരുന്നാൾ ദിവസം പ. വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്തായും അന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും ചേർന്ന് നിർവഹിച്ചു. പ. ദൈവമാതാവിന്റെ നാമത്തി ലുള്ള മുഖ്യ ത്രോണോസ് കൂടാതെ മാർ ഗീവർഗീസ് സഹദാ, മാർ ബഹനാം സഹദാ എന്നിവരുടെ നാമത്തിലുള്ള രണ്ടു ത്രോണോ സുകൾ കൂടിയാണ് അന്ന് കൂദാശ ചെയ്തത്. കൂദാശയെത്തുടർന്ന് പ. വട്ടശേരിൽ തിരുമേനിയും കാരുചിറ ഗീവർഗീസ് റമ്പാൻ (പിന്നീട് മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ) പാമ്പാടി കുറിയാക്കോസ് റമ്പാൻ (പിന്നീട് കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) എന്നിവർ ചേർന്ന് വി. മൂന്നുമ്മേൽ കുർബാന അർപ്പിച്ചു. കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ (പിന്നീട് മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ) സന്നിഹിതനായിരുന്നു. ഇപ്പോൾ നിരണത്തു പള്ളിക്ക് അഞ്ചു ത്രോണോസുകൾ ഉണ്ട്.

1653ൽ ആരംഭിച്ച മലങ്കരസഭയുടെ തദ്ദേശിയ മേൽപ്പട്ട ഭരണശൃംഖലയുടെ വികസനപാതയിൽ രണ്ടു സുപ്രധാന വഴിത്തിരിവുകൾക്ക് വേദിയായത് നിരണത്തു പള്ളിയാണ്. സഭാദ്ധ്യക്ഷനായ മാർതോമ്മാ എപ്പിസ്കോപ്പാ സ്ഥാനം മെത്രാപ്പോലീത്താ സ്ഥാനമാക്കി ഉയർത്തിയതും (1770) മലങ്കരസഭയുടെ ആത്മീയ മേലദ്ധ്യക്ഷനായി ഇന്ത്യയിൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനം സ്ഥാപിച്ചതും (1912 സെപ്റ്റംബർ 15) നിരണത്തു പള്ളിയിൽ വച്ചാണ്.

ഇവ കൂടാതെ അനേക ചരിത്രസംഭവങ്ങൾക്കു സാക്ഷ്യംവഹിച്ച നിരണത്തു പള്ളി ഒരു ചരിത്ര സ്മാരകം കൂടിയാണ്. ശിലാരേഖകളും ശിലാശില്പങ്ങളും ബഹുഭാഷാ താളിയോലകളും ഈ ചരിത്ര ഈടുവയ്പ്പിന്റെ ഭാഗമാണ്. ഒരുപക്ഷേ കേരളത്തിലെ ഏറ്റവും വൈവിദ്ധ്യമാർന്ന ചീനഭരണികളുടെ ശേഖരവും നിരണത്തു പള്ളിയിലാണുള്ളത്.

1876-ൽ നിരണം ഭദ്രാസന മെത്രാപ്പോലീത്താ ആയി നിയോഗിക്കപ്പെട്ട പ. പരുമല തിരുമേനി തന്റെ രണ്ടാം ആസ്ഥാനമായി കരുതിയിരുന്നത് നിരണം ഭദ്രാസനത്തിന്റെ ഭദ്രാസനപ്പള്ളിയായ നിരണത്തുപള്ളി ആയിരുന്നു. ഇതഃപര്യന്തം നിരണത്തു പള്ളിയിൽ നിന്നുണ്ടായ ഏക മേല്പട്ടക്കാരൻ ബഥനി ആശ്രമ സ്ഥാപകൻ ആബോ അലക്സിയോസ് മാർ തേവോദോസ്യോസ് ഒ.ഐ.സി. ആണെങ്കിലും മലങ്കര സഭയ്ക്ക് പ്രഗത്ഭരായ അനേകം വൈദീക-അവൈദിക നേതാക്കളെ സംഭാവാന ചെയ്തതും ഈ ഇടവകയാണ്.

## നിരണത്തു പള്ളി: സഭാചരിത്രത്തിൽ

**പൗരസ്ത്യ കാതോലിക്കാ സ്ഥാനാരോഹണം**

1912 സെപ്റ്റംബർ 15 ഞായർ - മാർ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ

1925 ഏപ്രിൽ 30 വ്യാഴം - മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ

**മേൽപ്പട്ട സ്ഥാനാഭിഷേകം**

1761 ജൂലൈ 10 - മാർതോമ്മാ ആറാമൻ

1770 ജൂലൈ 10 - മാർതോമ്മാ ആറാമൻ എപ്പിസ്കോപ്പാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ആയി സ്ഥാനാരാഹണം.

1975 ഫെബ്രുവരി 16 - അഞ്ചു മെത്രാപ്പോലീത്താമാരുടെ സ്ഥാനാഭിഷേകം

**മലങ്കര അസോസിയേഷൻ**

1962 മേയ് 17 - പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുപ്പ്

1974 ഒക്ടോബർ 2 - മേൽപ്പട്ട സ്ഥാനത്തേക്ക് അഞ്ചു പേരുടെ തെരഞ്ഞെടുപ്പ്.

Travelogue

# United Kingdom – An Empire full of Crosses



**Dr. Cherian Thomas**

In the last May, the author got an occasion to visit United Kingdom. London, Cambridge, Manchester, Edinburgh and Bristol were the main places of visit.

In fact, UK is a land of churches and crosses. Wherever we go we can see a cross raised up in the air in some nearby premises. This clearly reveals that it is a Christian empire. All educational institutions are attached with a church. In Cambridge, there are a large number of colleges affiliated to Cambridge University (There are so many bridges across the river Cam and hence the name Cambridge. The colleges are on either banks of river Cam). Each college is associated with a church. Same is the situation in the University of Manchester and University of Edinburgh. In all such churches the official worship schedule is strictly adhered to . Even the London Bridge lies between two towers which are two Christian shrines with crosses atop. (London Bridge is well known, for it opens at the centre when toll ships pass beneath.

### Westminister Abbey

This is a large, mainly Gothic, Abbey church in the city of Westminister which is one of the United Kingdom's most notable religious buildings and the traditional place of coronation. The worship in this Abbey with a large choir and various musical instruments is worth attending. There is a strict schedule of worship here on Sundays and no visitors are allowed there on the day but for worship. (Abbey means church associated with a monastery. See cover page 3)

### 'Other side of the cross'

Even through the worship is correctly followed in churches like those cited above, we shall be much alarmed to see the other side of this aspect. Many Anglican churches all over UK are remaining without any worship. For example, a cross in Edinburgh is at such a height that it can be seen from anywhere in Edinburgh. But when we reach beneath this cross to witness a royal church, we shall be astonished to see the church replaced by a festival centre with a shopping complex. Similar is the case with many Anglican churches there. Some church buildings were seen being used on pub houses. Some were Muslim institution. This happens because the new generations among the natives of UK are not interested in going to church and leading a religious life.

### Why this happens so?

Even though Sunday school movement was started in England by Robert Raikes in 1780 at present Sunday schools are not given much importance among the Anglicans there. The required Catechetical training does not happen in the families as well. This is the cause of this spiritual deterioration in UK. But fortunately the churches of other denominations function very systematically. Sunday school is very active in all Orthodox parishes in UK. Centralized functioning of OSSAE –UK region is also admirable. The dress code of devotees in our churches there is really to be appreciated, when we compare with that in many of our native churches.


London Bridge

**Magical words- for us to practice**

Even though the churches of the natives remain closed, the Christian tradition in their behavior still persists. People all over are seen enthusiastic and charming. We feel that they do their duties with a feeling that 'I want to do it' not with a 'I have to' feeling. Let it be at airport, office or inside a train, the manners of the staff gives enthusiasm to others also. For example, the ticket examiner in the train after verifying our tickets said 'thank you, enjoy the day.' This shall give a positive thrust on us also. The magical words 'thank you' and 'please' are heard everywhere. This is a habit everyone can practice which shall add to the charm of the society.

The London National Gallery is full of icons and paintings of Biblical incidents.

If the people could have continued with the religious traditional life also, it would have continued to be a blessed nation.

## അർദ്ധവാർഷികപ്പരീക്ഷകൾ

അർദ്ധവാർഷികപ്പരീക്ഷകൾ ഭംഗിയായി നടത്തിയ എല്ലാ പ്രവർത്തകരെയും അനുമോദിക്കുന്നു. എന്നാൽ ചില അദ്ധ്യാപകർ പരീക്ഷയ്ക്കായി ക്രമീകരിച്ചിരുന്ന പാഠഭാഗം പൂർണ്ണമായി പഠിപ്പിച്ചുതീർക്കാതിരുന്നതായി അറിയുന്നു. സമയപരിമിതി ഒരു പ്രധാന തടസ്സമായി ഉന്നയിക്കാമെങ്കിലും ചെയ്യേണ്ട ജോലി കൃത്യമായി ചെയ്തില്ലെങ്കിലും കുഴപ്പമില്ല എന്നുള്ള ഒരു തെറ്റായ സാക്ഷ്യം കുട്ടികൾക്കു ലഭിക്കുവാൻ ഈ പ്രവണത ഇടയാക്കും. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

D.G.

Our Alumni

# A Reminiscence



**Kuruvilla Varghese**

Participating in the "Sunday School Prathibha Sangamam" was a great experience for me. This meeting was held at Puthencavu St.Mary's Cathedral on the 8th of Feb 2014 during the Golden Jubilee Celebration of the Orthodox Syrian Sunday School Association of the East. Even though three years have passed, the memories of that special day are still fresh in my mind.

Since I was the most senior rank holder attending the meeting, I was given the honor of addressing the attendees. The organizers stated the purpose for calling this meeting was to bring the Sunday School winners and rank holders from the last half century under one roof. This would allow the participants to know what they were doing, where they were living and how far they had come in their lives.

It was nice to learn that some of them became respected lawyers or accountants, world renowned scientists, expert engineers and even venerable priests. However, nobody from this group entered politics. Overall, all of them appeared content and happy with what they had accomplished in their lives.

For me, this meeting provided a chance to look back and evaluate what Sunday School had done and what it meant for me in my life. I reflected on how my Sunday School career helped me to build up the courage to take leadership roles in my professional career. I started my career as a chemist at Bhabha Atomic Research Center in Bombay. Later, I moved to the USA in the late 1970's, where I held jobs including working as a physical chemist as well as a coating and corrosion technical consultant. I was then able to become a subject matter expert on pipeline corrosion and delivered many international presentations in the oil and gas industry. As a result of my experiences, I became one of the select few American National Institute approved corrosion experts in the world. Ultimately, I was blessed with the opportunity to become the World Chairman

*Kuruvilla Varghese who got first Rank in SSFC 1965, resides in Houston, Texas and is a member of St. Thomas Orthodox Cathedral, Houston. He is originally from St. Stephens Orthodox Cathedral of Chengannoor Diocese. Married to Kunjamma Varughese and has three daughters Shiney, Sheeba and Sheila.*

*Mr. Varughese started his professional career as a nuclear scientist at Bhabha Atomic Center in Bombay in 1971. He moved to USA in 1977 and worked for 18 years as the Global EngineeringManager for Dupont.*

*In 2008 Mr. Varughese was elected to a 5 year term as the Global Chairman of the International Standard Organization (ISO) Pipeline Coating Work Group, from engineering experts representing 17 countries including USA, UK, Germany, France, Italy, Brazil, Australia.*

*Mr. Varughese is one of the first Board of Directors and the first Treasurer of the American Diocese Sunday School. He also served as the Public Relation Officer (PRO) of Southwest American Diocese from 2012-2015.*

for the ISO Pipeline Coating Technical Committee. In this role I had the privilege of addressing colleagues around the world, but the courage to face these large audiences was a direct result of my experiences in various Sunday School competitions.

My Sunday School career started when the headmaster of our Church, St Stephen's Orthodox Cathedral in Kudassanad, appointed me as the7th grade teacher. This was after I passed the Sunday School final exam in 1965 with first rank among all participants in Kerala and overseas.My teaching career continued for more than fifty years in various parts of the world, India, USAand Saudi Arabia.

When I moved to Bombay in 1971, Sunday School was limited to a few suburbs in Bombay. At that time, the city facilities were inadequate and paled in comparison to Kerala. The situation was even worse when I moved to Boston in 1977. There was no formally registered Church and no permanent facility to conduct services and Sunday School classes. Church services were conducted in the basement of a college building. We had very few families, and they were from all different Kerala churches. We had Marthomites, CSI members, Knanaya members, as well as Orthodox members in our group. I was asked to organize the Sunday School and then teach a senior class.

In 1980, when I moved to Houston, Texas (USA), there were two Orthodox churches. Our church had more members with over 40 families. The church did not have a permanent building, and the Sunday School classes were conducted in different locations in the homes of various family members. However, this situation changed when the church constructed their own building in 1982 and reorganized the Sunday School classes.I was elected the first headmaster, and in this new position faced many challenges – both on the local church level and the Diocesan level.

In 1980 the American Diocese was in its infancy and all North America was under one Diocese. Sunday School at the Diocesan level was not well organized. To improve this, the Sunday School Director, the late Very Rev. Fr. Thomas P. Mundukuzhy Cor Episcopa called a meeting of all headmasters and other representatives in New York in 1984. This meeting elected a Board of Directors, a Secretary and a Treasurer; I was elected Treasurer. There was a general feeling that the syllabus that we were following was not adequate and there were not enough books for the students. A committee was formed to review the Sunday School curriculum and get enough books for classes from $1^{st}$ – $12^{th}$ grade. We were following the books prepared for the Oriental Orthodox Church. In our book review, we concluded that the books we had were rather limited in subject matter. However, they were adequate for routine use in the American churches given limitations of timing: In Kerala when I was a student, junior classes were 45 minutes per week for at least 40 weeks. Above the $5^{th}$ grade, classes were 2 hours per week for 40 weeks. In the USA, most churches get barely 45 minutes per week for 30 weeks. This is less than half the time we got in India when I was a student.

While reviewing the books, my school days and the subjects we learned came to my mind. I honestly believe Sunday School plays a big role in a Christian's life. It helps mould a child's character. The Bible stories, especially Jesus' miracles, attracted me. As a child, I was amazed to learn how God used a crow to feed His prophet hiding in a cave, and how Samson was able to kill thousands of Philistines to help the Israelites. In the middle classes, I was interested to learn the fundamentals of the sacraments. The book

"Mathopadesa Sarangal" was very helpful. The curriculum for the senior classes included the life history of David and Moses in detail. Other subjects included Church history including the establishment of the throne of the Catholicose of the East, missionary journeys of St. Paul, and the entire book of Acts. Lessons in the final year included St. Paul's epistle to the Ephesians.

The events described in the missionary journeys of St. Paul gave a clear picture of how the early Church functioned and grew. These lessons provided a good understanding of the challenges faced by the young Church and how leaders like St. Paul struggled to get them organized. One has to sympathize with St. Paul since he was sometimes discriminated against by the other apostles for his role in punishing many Christians before his conversion. One has to appreciate the complexity of his task in organizing a new philosophy and dispersing it among fundamental Jews and free-thinking non-Jews like the Greeks. He had to apply philosophy and logic to convince them that Jesus was the promised son of God, who came down from heaven for the salvation of the human race. Imagine how difficult it would have been to convert polytheistic idol-worshippers into believers of the One True God.

The lessons I learned about St. Paul's struggles with the early Church helped me navigate the difficulties of teaching and organizing the early Sunday School. Students ranged in age from three to eighteen. Some of the students in the senior group had never been taught the Orthodox syllabus properly due to their parents moving from one city to another. Some of the students were from Kerala and spoke only Malayalam, others spoke only Hindi or English. Language was not the only barrier, there was also a large variation of knowledge of Church history, the Orthodox faith, and the Bible. Therefore, grouping students was very difficult. Finding teachers who could teach adequately in English was another challenge. Some of the best teachers were actually those of other (mainly Protestant) faiths who were married to our Orthodox members – they requested not to teach things they did not themselves honestly believe, such as intercessory prayers or prayers for departed souls.Also, when working overseas in a country intolerant of Christianity, I taught Sunday School despite seeing friends imprisoned and deported for the sake of their religion. Lessons I learned through Acts of Apostles helped me to face these difficulties as part of a persecuted minority struggling to practice our faith. As difficult as these issues were, I believe the struggles were worthwhile and paid off in the end, with new generations of Orthodox youth learning the fundamentals of their Faith and Church to take with them into the future.

As I look at the current well-established Sunday School system in North America, I see how the lessons learned then have developed into strong foundations now. Recent administration changes are helping the Sunday Schools here. The American Diocese is now divided into the Northeast and Southwest Dioceses, which helps in the management of this ever-growing population. Appointment of able persons in proper positions helps foster growth. At present the curriculum is set, and enough text books are available for our students and teachers, unlike in the past. Most of the churches have a separate building for Sunday School and therefore are able to conduct classes regularly without difficulty. With the appointment of dedicated teachers and administration staff, I see a bright future for our Malankara Orthodox Sunday Schools in North America.

# Question Bank

## Class XII

(ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടുപിടിച്ച് നോട്ട്ബുക്കിൽ എഴുതിവച്ച് പഠിക്കുക.)

### യൂണിറ്റ് നാല്

1. അദ്ധ്യാപകൻ ചരിത്രം നിർമ്മിക്കുന്നവനാണ് എന്നു പറഞ്ഞതാര് ? (66)
2. പഠനപ്രക്രിയയിലെ ഘടകങ്ങൾ ഏവ? (66)
3. Facilitator, medictor, mentor എന്നീ പദങ്ങൾ അദ്ധ്യാപകന് എങ്ങനെ യോജിക്കുന്നു? (67)
4. ഒരു അദ്ധ്യാപകന്റെ യോഗ്യതകൾ എന്തെല്ലാമിയിരിക്കണം. ഓരോന്നും വിശദീകരിക്കുക. (67, 68)
5. സൺഡേസ്കൂൾ അദ്ധ്യാപകന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും എന്തെല്ലാം? (68)
6. പാഠഭാഗ ആസൂത്രണത്തിന്റെ പ്രയോജനങ്ങൾ ഏവ? (71)
7. ഒരു ലെസ്സൺ പ്ലാൻ നന്നായി തയ്യാറാക്കുവാൻ അദ്ധ്യാപകനെ സഹായിക്കുന്ന ഘടകങ്ങൾ ഏവ? (72)
8. വിവിധതരം പാഠഭാഗ ആസൂത്രണങ്ങൾ വിശദമാക്കുക (72)
9. പാഠഭാഗ ആസൂത്രണത്തിന്റെ വിവിധ പടികൾ ഏവ (73)
10. ഒരു ലെസ്സൺ പ്ലാനിലെ വിവിധ ഘടകങ്ങൾ ഏവ (82)
11. 'ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ചരിത്രപശ്ചാത്തലം' എന്ന വിഷയം പത്താംക്ലാസ്സിൽ പഠിക്കുവാൻ സഹായകമാകുന്ന ഒരു ലെസ്സൺ പ്ലാൻ തയ്യാറാക്കുക (82, 103)
12. സൺഡേസ്കൂൾ വിദ്യാഭ്യാസത്തെ സഹായിക്കുന്ന മനുഷ്യവിഭവങ്ങൾ ഏവ? (89)
13. സൺഡേസ്കൂൾ വിദ്യാഭ്യാസത്തെ സഹായിക്കുന്ന ഭൗതികവിഭവങ്ങൾ ഏവ? (89)
14. നമ്മുടെ സൺഡേസ്കൂളിന്റെ വിവിധ ഭരണതലങ്ങൾ ഏവ? (90)
15. ബോധനസംബന്ധിയായ പരസ്പരബന്ധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്? (92)
16. സൺഡേസ്കൂൾ ഹെഡ്മാസ്റ്ററുടെ ചുമതലകൾ ഏവ? (94)
17. സൺഡേസ്കൂൾ ഹെഡ്മാസ്റ്ററുടെ യോഗ്യതകൾ ഏവ? (95)
18. ഒരു സൺഡേസ്കൂളിനുണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏവ? (95)
19. ഒരു സൺഡേസ്കൂളിൽ സൂക്ഷിക്കേണ്ട അഞ്ചു രജിസ്റ്ററുകൾ എഴുതുക (96)
20. ഇന്ന് സൺഡേസ്കൂൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും, സൺഡേസ്കൂൾ നിലവാരം വർദ്ധിപ്പിക്കുവാൻ സഹായകമാകുന്ന നിർദ്ദേശവും വിശദമാക്കുക (97, 98)

### മൂന്നു മാർപാപ്പാമാരുടെ സംഗമം

ക്രൈസ്തവലോകത്തെ മൂന്നു മാർപാപ്പമാരുടെയും അപൂർവ സംഗമം കെയ്റോ സെന്റ് മാർക്ക്സ് കത്തീഡ്രലിനോടു ചേർന്നുള്ള സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ചാപ്പലിൽ 2017 ഏപ്രിൽ 28-നു നടന്നു. 2016 ഡിസംബർ 11-ന് ഇവിടെ നടന്ന ഭീകരാക്രമണത്തിൽ വധിക്കപ്പെട്ടവരെ അനുസ്മരിക്കുന്നതിനും സമാധാനത്തിനും അനുരഞ്ജനത്തിനും വേണ്ടിയും നടത്തിയ എക്യൂമെനിക്കൽ പ്രാർത്ഥനാ സംഗമത്തിൽ പങ്കെടുക്കാനാണ് ഇവർ ഉൾപ്പെടെ നാലു സഭാതലവന്മാരും മറ്റു സഭാപ്രതിനിധികളും എത്തിച്ചേർന്നത്.

റോമൻ കത്തോലിക്കാ സഭാ തലവൻ പോപ്പ് ഫ്രാൻസിസ്, കോപ്റ്റിക് സഭാ തലവൻ പോപ്പ് തെവദ്രോസ് രണ്ടാമൻ (അലക്സാന്ത്രിയായിലെ കോപ്റ്റിക് പാത്രിയർക്കീസ്), പോപ്പ് തിയഡോറോസ് രണ്ടാമൻ (അലക്സാന്ത്രിയായിലെ ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കീസ്) എന്നീ പാപ്പാമാരാണ് ഇതിൽ സംബന്ധിച്ചത്. ഇതോടൊപ്പം കോൺസ്റ്റാന്റിനോപ്പിൾ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോ ഒന്നാമനും പങ്കെടുത്തു. ഈ നാലു സഭാതലവന്മാരെ കൂടാതെ റോമോ പാപ്പായുടെ കീഴിലുള്ള കോപ്റ്റിക്, ഗ്രീക്ക് - മെൽക്കൈറ്റ് കത്തോലിക്കാ റീത്തുകളുടെ തലവന്മാരായ ഇബ്രാഹിം, ഇസഹാക്ക്, സിദ്രാക് (അലക്സാന്ത്രിയായിലെ കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ്), ഗ്രിഗറി മൂന്നാമൻ ലഹാം (അന്ത്യോക്യായുടെയും അലക്സാന്ത്രിയായുടെയും ജറുസലേമിന്റെയും ബൈസന്റിയൻ കാത്തോലിക്കാ പാത്രിയർക്കീസ്) എന്നിവരും സംബന്ധിച്ചു. ആംഗ്ലിക്കൻ സഭയുടെ ജറുസലേം-മിഡിൽ ഈസ്റ്റ് ആർച്ചുബിഷപ്പ് മൗനീർ അനീസ്, ഈജിപ്റ്റിലെ പ്രൊട്ടസ്റ്റന്റ് സമൂഹത്തിന്റെ പ്രസിഡന്റും കോപ്റ്റിക് ഈവാഞ്ജലിക്കൽ സംഘടനയുടെ സാമൂഹ്യ സേവന ഡയറക്ടറുമായ റവ. ഡോ. ആൻഡ്രിയാ സാക്കി, സഭകളുടെ ലോക കൗൺസിൽ ജനറൽ സെക്രട്ടറി റവ. ഡോ. ഒലാവ് ഫിക്സേ ടയ്റ്റും (Rev. Dr. Olav Fykse Tveit) എന്നിവരുടെയും സാന്നിധ്യവുമുണ്ടായിരുന്നു. ഒട്ടേറെ പ്രത്യേകതകളും അപൂർവതകളും നിറഞ്ഞതായിരുന്നു സഭാതലവന്മാരുടെ ഈ സംഗമം. VJT

### യൂണിറ്റ് അഞ്ച്

1. ക്രിസ്തീയ ജീവിതത്തിന്റെയും ബോധനത്തിന്റെയും ആത്യന്തിക ലക്ഷ്യം എന്ത്? (101)
2. 'ദൈവീകരണം' എന്നാൽ എന്ത്? (101)
3. കല്പനകളെ രണ്ടായി സംഗ്രഹിക്കാം. ഏതെല്ലാം? (101)
4. കുട്ടികളെ 'മുതിർന്നവരായി' കരുതി പഠിപ്പിക്കരുതെന്നു പഠിപ്പിച്ച കപ്പദോക്യൻ പിതാവ് (102)
5. 'ഷെമാ' എന്നാൽ എന്ത്? (104)
6. 'ബത്ത് ഹസ്സെഫർ' 'ബത്ത്ഹമ്മിദ്രാഷ്' എന്നിവ എന്ത് (104)
7. പ്രവാചകന്മാരുടെ ചുമതല എന്ത്? (105)
8. യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ പ്രത്യേകതകൾ എന്തായിരുന്നു? (105)
9. വി. കുർബ്ബാനയുടെ പരസ്യമായ ഭാഗത്തിന്റെ രണ്ടുഭാഗങ്ങൾ ഏവ? (106)
10. ഇംഗ്ലണ്ടിൽ സൺഡേസ്കൂളിന് ആരംഭം കുറിച്ചത് ആര്? (107)
11. സൺഡേ സ്കൂൾ പ്രസ്ഥാനം ആരംഭിക്കുവാനുള്ള പശ്ചാത്തലം എന്ത്? (108)
12. സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രസക്തി എന്ത്? (108-109)
13. 'സെറാമ്പൂർ ട്രയോ' എന്നാൽ എന്ത്? (109)
14. AISSA എന്നാൽ എന്ത്? (109)
15. 'സഭയുടെ വാനമ്പാടി' ആര്? (110)
16. മലങ്കര സൺഡേസ്കൂൾ സമാജത്തിന്റെ ആദ്യ പ്രസിഡന്റ്? (110)
17. മലങ്കരസഭയിൽ സൺഡേസ്കൂൾ ആരംഭിക്കുവാൻ മുൻകൈ എടുത്ത പിതാക്കന്മാർ ആരെല്ലാം (110)
18. OSSAE യുടെ ആദ്യപ്രസിഡന്റ്? (111)
19. OSSAE യുടെ ഇപ്പോഴത്തെ പ്രസിഡന്റ്?
20. ക്രിസ്തീയ തുടർവിദ്യാഭ്യാസത്തിനു സഹായിക്കുന്ന വിവിധ സംവിധാനങ്ങൾ വിശദീകരിക്കുക (113-116)
21. പ്രായപൂർത്തിയായവർക്കായി സഭ ക്രമീകരിച്ചിരിക്കുന്ന ക്രിസ്തീയ തുടർവിദ്യാഭ്യാസ പരിപാടി ഏത്? (116)

CT

## മൂന്നാം കവർപേജിൽ കാണുന്ന ? ഈ ചിഹ്നം സൂചിപ്പിക്കുന്ന ചിത്രം എന്താണ്?

**കഴിഞ്ഞ ലക്കം ശരിയായ ഉത്തരം അയച്ചുതന്നവർ**



ദുഃഖം താങ്ങാനാകാതെ വടിയിൽ നെറ്റിയും ചാരി ഇരിക്കുന്നത് നമ്മുടെ സഭയുമായി ഏറെ അടുത്തബന്ധം ഉള്ള കോപ്റ്റിക് ഓർത്തഡോക്സ് സഭയിലെ പാത്രിയർക്കീസ് തേവോദ്രോസ് രണ്ടാമൻ ആണ്. ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട, ആത്മീയ മക്കളുടെ വേർപാടിൽ അദ്ദേഹത്തിനുള്ള ദുഃഖം ആണ് ചിത്രത്തിൽ കാണുന്നത്.

**ഷൈനോ സൂസൻ ബേബി (സെന്റ് പോൾസ് സൺഡേസ്കൂൾ, നെടുമാവ്)**

*പാത്രിയർക്കീസിന്റെ പേരുമാത്രം അറിയിച്ചവർ*

**വറുഗീസ് ജേക്കബ്, ഹെഡ്മാസ്റ്റർ സെന്റ് മേരീസ് ബഥനി സൺഡേസ്കൂൾ, തിരുവല്ല; ലൈല വർഗീസ്, കാവുംഭാഗം; മോളിക്കുട്ടി മാമ്മൻ, ജിസ്സാ തമ്പി, ആഷ്നി തമ്പാൻ; ഐറിൻ അന്ന വർഗീസ് (നട്ടാശ്ശേരി സെന്റ് തോമസ് സൺഡേസ്കൂൾ); സോഫി അന്നാ കുര്യൻ (തോട്ടപ്പുഴ എം.ജി.എം. സൺഡേസ്കൂൾ)**

(2016 ഡിസംബർ 11 ഞായറാഴ്ചയാണ് കെയ്റോയിലെ സെന്റ് മാർക്സ് കത്തീഡ്രലിനോടു ചേർന്നുള്ള ചാപ്പലിൽ ആണ് ഈ സ്ഫോടനം നടന്നത്)

***(ശരിയായ ഉത്തരങ്ങൾ തപാലിലോ, ഈമെയിലിലോ അയച്ചുതന്നാൽ മാത്രമേ പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളു. P.O.)***

# Annual Examination Model Question Paper

## Class XI (from 2017)

Time: 2 Hrs
Marks: 50

**ഒറ്റ വാചകത്തിൽ ഉത്തരമെഴുതുക (1–5)** **(5)**

1. വി. കുർബ്ബാനയുടെ പരസ്യമായ ഭാഗത്തിന്റെ രണ്ടു വിഭാഗങ്ങൾ ഏവ?
2. പൗരസ്ത്യ സന്യാസിമാരുടെ പ്രാർത്ഥനാമന്ത്രം എന്തായിരുന്നു?
3. 2017–ലെ സുപ്രീംകോടതി വിധിയിൽ 1934 എന്ന വർഷത്തിന് അധികം പ്രാധാന്യമുണ്ടായി. എങ്ങനെ?
4. വ്യത്യസ്ത മതവിഭാഗങ്ങൾ തമ്മിലുള്ള വിവാഹകാര്യത്തിൽ ഓർത്തഡോക്സ് സഭയും കത്തോലിക്കാസഭയും തമ്മിലുള്ള വ്യത്യാസം എന്ത്?
5. സർവ്വോദയ എന്ന വാക്കിന്റെ അർത്ഥമെന്ത്?

**രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക (6–14)** **(18)**

6. പുതിയനിയമ എഴുത്തുകാർ പുതിയനിയമ ഉദ്ധരണികൾ ധാരാളമായി ഉപയോഗിക്കുവാൻ കാരണമെന്ത്?
7. ഉദയംപേരൂർ സുന്നഹദോസിന്റെ പ്രാധാന്യം എന്ത്?
8. വിവാഹകൂദാശയുടെ വിവിധ ഭാഗങ്ങൾ ഏവ?
9. ഓറിയന്റൽ ഓർത്തഡോക്സ് സഭ എന്നാൽ എന്ത്?
10. ബാലനീതിനിയമം എന്നാൽ എന്ത്?
11. തൂയോബോ എന്നാൽ എന്ത്?
12. വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള കുക്കിലിയോനിലെ സങ്കീർത്തനഭാഗം ഏത്?
13. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമ്പരാഗത ആരാധനരീതിതന്നെ പിന്തുടരുന്ന മറ്റു സഭകൾ ഏവ?
14. വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ഉപയോഗിക്കുന്ന തക്സാ വി. യാക്കോബിന്റെ തക്സായാണെന്നു തിരിച്ചറിയാൻ സഹായിക്കുന്ന ഏതെങ്കിലും ഒരു വാചകം എഴുതുക?

**ഓരോ ഖണ്ഡികയിൽ (100 വാക്കിൽ കവിയാതെ) ഉത്തരമെഴുതുക (15–20)** **(18)**

15. കുടുംബബന്ധങ്ങൾ ശക്തമാക്കുവാനുള്ള നടപടികൾ
16. എക്യൂമെനിക്കൽ പ്രസ്താനങ്ങളുടെ നേട്ടങ്ങൾ
17. മതമൗലികവാദം
18. മാറാനായപ്പെരുന്നാളുകൾ
19. ഓർത്തഡോക്സ് ആരാധനയിൽ വേദപുസ്തകത്തിനുള്ള സ്ഥാനം
20. ഖണ്ഡിപ്പിന്റെ ശുശ്രൂഷ

**പ്രാർത്ഥന (21–23)** **(3)**

21. ത്രിത്വത്തോടുള്ള പ്രാർത്ഥനയുടെ ആദ്യവാചകം എഴുതുക
22. ഒമ്പതാം മണി നമസ്കാരത്തിൽ ഉപയോഗിക്കുന്ന മരിച്ചവർക്കുവേണ്ടിയുള്ള ബോവൂസോ ഏത്?
23. മാർ അപ്രേമിന്റെ മെസുമൂറായുടെ ആദ്യ നാലുവരികൾ എഴുതുക

**ഗീതം** **(3)**

24. 'അത്ഭുതമാം ഫലമേകും വൃക്ഷം' എന്നു തുടങ്ങുന്ന ഗീതത്തിൽ വി. വേദപുസ്തകത്തിലെ മൂന്നു സംഭവങ്ങളുടെ സൂചനയുണ്ട്. ഏതെല്ലാം?

**25. പ്രൊജക്ട്** **(3)**

നിങ്ങൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന പ്രൊജക്ട് റിപ്പോർട്ടിന്റെ ഘടന എങ്ങനെയായിരിക്കും.

# സൺഡേസ്കൂൾ വാർത്തകൾ

## സഹപാഠ്യ മത്സരങ്ങൾ

### മത്സര തീയതികൾ

| | |
|---|---|
| 1. സ്കൂൾതലം | 2017 ആഗസ്റ്റ് 20 ഞായർ |
| 2. ഡിസ്ട്രിക്ട്തലം | 2017 സെപ്റ്റംബർ 9 ശനി |
| 3. ഭദ്രാസനതലം | 2017 ഒക്ടോബർ 14 ശനി |
| 4. സോണൽതലം | 2017 നവംബർ 11 ശനി |

ഭദ്രാസന, സോണൽ മത്സരങ്ങൾ അതതു ദിവസങ്ങളിൽതന്നെ നടത്തേണ്ടതാണ്. സ്കൂൾതലം, സ്കൂളുകളുടെ സൗകര്യം അനുസരിച്ച് നടത്താവുന്നതാണ്. ഡിസ്ട്രിക്ട്തലം, ഭദ്രാസന ഡയറക്ടറുമായി ആലോചിച്ച് മാറ്റാവുന്നതാണ്.

5. സൺഡേസ്കൂൾ വാഗ്മിതിലകം, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ മത്സരങ്ങൾ 2018 ജനുവരി 13 ശനി.

**മത്സര വിഭാഗങ്ങൾ (Age as on 31-12-2016)**

**A 1 മുതൽ 10 വരെ സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ**

1. സബ്ജൂണിയർ - 9 വയസ്സ് പൂർത്തിയാകരുത്
(2008-ലോ അതിനു ശേഷമോ ജനിച്ചവർ)
2. ജൂണിയർ - 9 വയസ്സ് മുതൽ 12 വയസ്സ് വരെ. 12 വയസ്സ് പൂർത്തിയാകരുത്
(2005 - 2007 വർഷങ്ങളിൽ ജനിച്ചവർ)
3. സീനിർ - 12 വയസ്സ് മുതൽ 17 വയസ്സ് വരെ. 17 വയസ്സ് പൂർത്തിയാകരുത്
(2000-2004 വർഷങ്ങളിൽ ജനിച്ചവർ)

**B 11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ**

4. ഹയർസെക്കണ്ടറി - 19 വയസ്സ് പൂർത്തിയാകരുത്
(1998-ലോ അതിനു ശേഷമോ ജനിച്ചവർ)

വിദ്യാർത്ഥി, പ്രായം അനുസരിച്ച് ഏതു വിഭാഗത്തിൽപ്പെടുന്നുവോ ആ വിഭാഗത്തിൽ മാത്രമേ മത്സരിക്കുവാൻ അനുവാദമുള്ളൂ.

11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ മാത്രമേ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഉൾപ്പെടുകയുള്ളൂ. പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് മറ്റു വിഭാഗങ്ങളിലോ മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഈ വിഭാഗത്തിലോ മത്സരിക്കാവുന്നതല്ല.

ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒരു കുട്ടിക്ക് രണ്ടുതവണ (2 വർഷം) മാത്രമേ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ.

**മത്സര ഇനങ്ങൾ**

| | |
|---|---|
| സബ്ജൂണിയർ | പ്രസംഗം, സംഗീതം |
| ജൂണിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം |
| സീനിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം |
| ഹയർസെക്കണ്ടറി | പൊതുവിജ്ഞാനം, ഉപന്യാസം, വേദവാക്യം |

**പ്രസംഗ മത്സര വിഷയങ്ങൾ**

| | |
|---|---|
| സബ്ജൂണിയർ | പ്രാർത്ഥന, ദയ |
| ജൂണിയർ | ആരാധന, എന്റെ കൃപ നിനക്കുമതി (2 കൊരി. 12:9) |

**സംഗീത മത്സരം:** സമയം 3 മിനിറ്റ്. മലയാള ക്രിസ്തീയഗാനങ്ങൾ മാത്രം. ക്ലാസ്സിക്കൽ സംഗീതം അനുവദനീയമല്ല.

**സമൂഹഗാന മത്സരം :** സമയം 3 മിനിറ്റ്. ഒരു ഗ്രൂപ്പിൽ മുന്നുപേരിൽ കൂടുവാൻ പാടില്ല. തെരഞ്ഞെടുക്കപ്പെട്ട മലയാളത്തിലുള്ള ആരാധനാ ഗീതങ്ങൾ മാത്രമേ പാടാവൂ. 2017-ലെ മത്സരങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ടവ ചുവടെ ചേർക്കുന്നു.

വി. കുർബ്ബാനക്രമം 2016 എഡിഷനിലെ എല്ലാ ഗീതങ്ങളും, കൂടാതെ വിവാഹശുശ്രൂഷയിലെയും ഹോശാന ശുശ്രൂഷയിലെയും ഗീതങ്ങൾ.

**വാക്യമത്സരം:** 'തങ്കവാക്യ പുസ്തകം' ആദ്യത്തെ 25 വിഷയങ്ങൾ അടിസ്ഥാനമാക്കി ആയിരിക്കും ജൂണിയർ വിഭാഗത്തിൽ ചോദ്യങ്ങൾ ഉണ്ടാകുക. സീനിയർ വിഭാഗത്തിന് പുസ്തകം മുഴുവനും അടിസ്ഥാനമായിരിക്കും. സമയം 45 മിനിറ്റ്.

**പൊതുവിജ്ഞാനമത്സരം:** സമയം 45 മിനിറ്റ്. 'പൊതുവിജ്ഞാനപഠനസഹായി' എന്ന പുസ്തകം ഒരു റഫറൻസ് പുസ്തകമായി മാത്രമേ പരിഗണിക്കാവൂ.

ഈ വർഷം മുതൽ 11-ാം ക്ലാസ്സിലും കേന്ദ്രതലത്തിൽ വാർഷികപ്പരീക്ഷ നടത്തി അതിൽ ലഭിക്കുന്ന മാർക്കുകൂടി വേദപ്രവീൺ ഡിപ്ലോമായുടെ ഗ്രേഡിനു പരിഗണിക്കുന്നതാണ്. അതുകൊണ്ട് 2017 ഡിസംബർ 30-നു നടക്കുന്ന 11-ാം ക്ലാസ് വാർഷികപ്പരീക്ഷ എഴുതാത്ത വിദ്യാർത്ഥികൾക്ക് 2018-ൽ 12-ാം ക്ലാസ് പരീക്ഷ എഴുതുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല. 2018 മുതൽ 12-ാം ക്ലാസ് പരീക്ഷയ്ക്ക് ആ ക്ലാസ്സിലേക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും പരീക്ഷ നടക്കുന്നത്. 2017-ൽ മുൻപതിവുപോലെ 12-ാം ക്ലാസ് പരീക്ഷ നടക്കും. രണ്ടു ക്ലാസ്സുകളിലും ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കും വേദപ്രവീൺ ഡിപ്ലോമ പരീക്ഷ 2017-ൽ നടത്തുന്നത്.

ഡി. ഇൻസ്പെക്ടർ ഒരു ഡിസ്ട്രിക്ടിലെ രജിസ്ട്രേഷൻ ഫോറങ്ങൾ ഒരുമിച്ചു കുത്തിക്കെട്ടി സ്കൂൾ ലിസ്റ്റ് (EX II) സഹിതം പത്താം ക്ലാസ്സിലേതു കേന്ദ്ര ഓഫീസിലും പതിനൊന്നും പന്ത്രണ്ടും ക്ലാസ്സിലേതു ഭദ്രാസന ഡയറക്ടറെയും ഏല്പിക്കണം. ഡയറക്ടർമാർ അപേക്ഷകൾ പരിശോധിച്ച്, ഒപ്പിട്ട് ഒക്ടോബർ 10-നു മുൻപു കേന്ദ്രത്തിൽ എത്തിക്കണം. പത്താം ക്ലാസ് രജിസ്ട്രേഷൻ ഫോറങ്ങൾ കേന്ദ്ര ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 30 ആണ്. അതിനുശേഷം ലഭിക്കുന്ന ഓരോ അപേക്ഷയ്ക്കും 100 രൂപ Late Fee നൽകേണ്ടതാണ്. Late Fee യോടുകൂടി അപേക്ഷഫോറം സ്വീകരിക്കുന്ന അവസാനദിവസം ഒക്ടോബർ 31 ആയിരിക്കും. അതിനുശേഷം യാതൊരു അപേക്ഷയും സ്വീകരിക്കുന്നതല്ല.

**പ്രൊജക്ട്**

പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ പ്രൊജക്ട് റിപ്പോർട്ടുകൾ ഇൻസ്പെക്ടർമാർ പരിശോധിച്ച് അതിന്റെ നിലവാരം ഉറപ്പുവരുത്തേണ്ടതാണ്. (രണ്ടാം നമ്പർ സർക്കുലറിൽ ഈ കാര്യം അറിയിച്ചിരുന്നു) ഡയറക്ടർമാർ ഈ കാര്യത്തിൽ മേൽനോട്ടം നടത്തുന്നത് അഭികാമ്യമാണ്. പല യൂണിറ്റുകളിലും പ്രൊജക്ട് വേണ്ടവിധം ഗൗരവത്തോടെ കാണുന്നില്ല എന്നു മനസ്സിലാക്കുന്നതുകൊണ്ടാണ് ഈ നിർദ്ദേശം നൽകുന്നത്. പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ പതിനൊന്നാം ക്ലാസ്സിലെ ടെക്സ്റ്റിന്റെ ആമുഖത്തിൽ നല്കിയിട്ടുണ്ട്.

## ഓറിയന്റേഷൻ കോഴ്സ്

ചില ഭദ്രാസനങ്ങൾ കേന്ദ്രനിർദ്ദേശത്തിനനുസരണമായി ഓറിയന്റേഷൻ കോഴ്സ് നടത്തുന്നില്ല എന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിമിതമായ സാഹചര്യം മാത്രം ലഭ്യമായ റിയാദ് ഡിസ്ട്രിക് (തൃശ്ശൂർ ഭദ്രാസനം) നടത്തിയ ഓറിയന്റേഷൻ കോഴ്സിന്റെ ഷെഡ്യൂൾ ചുവടെ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക.

| OSSAE, Riyadh District Class XII Orientation Course | | |
|---|---|---|
| 1. | Course to be conducted on | 25th August 2017 |
| 2. | Venue | Riyadh |
| 3. | Regular student attended | 1 |
| 4. | Over Aged Teachers | 4 |
| 5. | Sessions to be held | Three sessions |
| 6. | Session 1 class by | Rev. Fr. Joy Pulikkottil of Thrissur Dioceses |
| 7. | Timing | 10.00- 11.30 AM |
| 8. | Topics covered | Class 11 text unit no.2 Orthodox worship covering all the Four chapters in detail with importance to orthodox worship in detail, the specialty, worship orders and the festivals of the church. |
| 9. | Session 2 class taken by | Mr. Sujish, Sunday School Teacher, SGOC Central |
| 10. | Timing | 11.30-13.00 |
| 11. | Topics covered | Class 12 text unit no. 3 Learning and Teaching in Sunday School covering all the Four Chapters in detail about the learning, teaching, teaching methods used, learning aids and evaluation and grading of Sunday School. |
| 12. | Session 3 class taken by | Mr. Chacko George, Sunday School Inspector, Riyadh District |
| 13. | Timimg | 13.00-14.00 PM |
| 14. | Topics covered | Definitions and need of a project, The format and page lay outs things to be included, references, attachments, photograpgs, diagrams, tables and research on the topic. Findings, summary and preferred topics for the project etc. |

## പ്രതികരണങ്ങൾ

Dear Sir,

This is to point out a couple of aberrations, according to my thinking, that appeared in our Quarterly, April June 2017 issue.

1. It has been observed through the photographs on the back cover page that there were many rallies as usual with OVBS programmes. But strangely, it is seen in these photographs that some children are wearing the cassocks meant to be used in Holy Sacrements celebrated in our churches. This should never be encouraged. I suggest that this publication should come forward strongly to curtail such evil practices.

2. Fr. Dr. Reji Geevarghese has come up with a really educative article about Other Canonical Books which we accept as part of Holy Bible. But to me, I am afraid; there is an aberration that the name of that woman and her seven children are not mentioned, particularly because she is believed to be Morth Smooni, though Catholics call her in a different name. It would also have been better to have related Hanooka Feast with our present Hoodos Eatho.

Further, our sunday school text for class XII mentions in chapter 4 of Unit 2 that the Tabernacle and Ark are believed to be kept at Our Lady Mary of Zion Church of Ethiopia. Doesn't this contradict Biblical truths as we read in 2 Maccabees chapter 2?

Regards,
**George Joseph Enchakkattil**
(St. George Orthodox Valiya Pally Palarivattom Sunday School)

**തിരുത്ത്**

കഴിഞ്ഞ ലക്കം 'The Sunday School' ൽ ഇതര കാനോനിക ഗ്രന്ഥങ്ങൾ എന്ന ലേഖനത്തിൽ ഏഴു മക്കളുടെ അമ്മ യൂലിത്തി എന്നു ചേർത്തിരുന്നത് ശരിയല്ല ശ്മൂനി എന്നതാണ് ശരി (പേജ് 17) കുറിയാക്കോസ് സഹദായുടെ മാതാവാണ് മർത്ത് യുലീത്തി.

# പിന്നാമ്പുറം

അമൃതാ, ഇന്നവൾ അമേരിക്കയിൽ ഡോക്ടറാണ്. സൺഡേസ്കൂൾ സഹപാഠ്യ മത്സരങ്ങളിൽ രണ്ടു ചേച്ചിമാർ പങ്കെടുത്ത ഇനങ്ങളിൽ സമ്മാനം കിട്ടി. ആറേഴു വയസ്സു മാത്രമുള്ള അവൾക്കു മാത്രം ഒന്നും കിട്ടാതെ കരഞ്ഞ് കണ്ണു തിരുമ്മി ഏങ്ങലടിച്ച് ബസ്സു കയറുവാൻ നിൽക്കുമ്പോൾ അവളെ ആശ്വസിപ്പിക്കുവാൻ അപ്പനോ അമ്മയോ കൂടെയില്ലായിരുന്നു. ഒരു അദ്ധ്യാപകൻ അവളുടെ കവിളിൽ തലോടി, തമാശകൾ പറഞ്ഞ് ആശ്വസിപ്പിച്ചു. “ഓട്ടക്കളത്തിൽ ഓടുന്നോർ.... മാത്രമല്ലയോ” എന്ന പാട്ടുംകൂടി പാടിക്കഴിഞ്ഞപ്പോൾ അവൾ കുടുകുടെ ചിരിച്ചു. ആരോടും പരിഭവമില്ലാതെ നിഷ്കളങ്കമായ ചിരി സമ്മാനിച്ച ആ കുഞ്ഞ് പിന്നീടുള്ള വർഷങ്ങളിൽ അനേകം സമ്മാനങ്ങൾ കരസ്ഥമാക്കി.

മത്സരങ്ങളുടെ ഈ ലോകത്ത് നമുക്ക് മാറിനിൽക്കുവാൻ പറ്റുമോ?
സൺഡേസ്കൂൾ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം മത്സരങ്ങളുടെ ഒരു പെരുമഴക്കാലം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ആഗസ്റ്റ് 20-ാം തീയതി സ്കൂൾതല സഹപാഠ്യമത്സരങ്ങളും സെപ്റ്റംബർ മുതൽ എല്ലാ മാസങ്ങളിലെയും രണ്ടാം ശനിയാഴ്ചകളിൽ ഡിസ്ട്രിക്റ്റ്, ഭദ്രാസന, സോണൽ, അഖിലമലങ്കര തലംവരെ 2018 ജനുവരിയിൽ അവസാനിക്കും. അതോടൊപ്പം മത്സരപ്പരീക്ഷകളും നവംബർ ഡിസംബർ മാസങ്ങളിലുണ്ട്. ഇത് സൺഡേസ്കൂളിന്റെ മാത്രം കാര്യം. മറ്റുള്ള ആത്മീയസംഘടനകളായ ബാലസമാജം, എം.ജി.ഒ.സി.എസ്.എം., യുവജനസമാജം, മർത്തമറിയം സമാജം എന്നിവയും ഇതുപോലെ മത്സരങ്ങൾ ജൂൺ, ജൂലൈ മാസം മുതലേ ആരംഭിച്ചിരിക്കുകയാണ്. ഇതു കൂടാതെ ആശ്രമങ്ങൾ, ജൂബിലി ആഘോഷിക്കുന്ന പള്ളികൾ, മെമ്മോറിയൽ ട്രോഫികൾക്കുവേണ്ടിയുള്ള അനേക മത്സരങ്ങൾ, ക്വിസ് ഉൾപ്പെടെ, ഈ കാലയളവിൽ നടത്തിവരുന്നു. അതുകൊണ്ടാണ് ഒ.വി.ബി.എസ്. മത്സരവും സമ്മാനവും വേണ്ട എന്ന് തീരുമാനിച്ചത്. സെക്കുലർ സ്കൂൾ മത്സരങ്ങൾ, കലോത്സവങ്ങൾ, സ്കോളർഷിപ്പ് പരീക്ഷകൾ ഇവയും വിദ്യാർത്ഥികൾക്ക് പങ്കെടുക്കേണ്ടതായിവരുന്നുണ്ട്. ഒരു സ്റ്റേജിൽനിന്ന് അടുത്ത സ്റ്റേജിലേക്ക് കുഞ്ഞുങ്ങളെ എത്തിക്കുവാൻ മതാപിതാക്കൾ പരക്കംപായുന്ന കാഴ്ച വിരളമല്ല.
ഈ ഓട്ടത്തിൽ കുഞ്ഞിന് സമ്മാനംകൂടി കിട്ടാതെ വന്നാലോ? കുഞ്ഞിനെക്കാൾ വിഷമം അപ്പനും അമ്മയ്ക്കുമാണ്. നാം പിതാവിന്റെ സ്ഥാനം കൊടുക്കുന്നവർപോലും സ്വന്തം മകന് സമ്മാനം കിട്ടാതെ വന്നപ്പോൾ സംഘാടകർക്കുനേരെ നടത്തിയ ആക്രോശം ആരെയും ലജ്ജിപ്പിക്കുന്ന തരത്തിലായിരുന്നു. ഒരു വേദിയിൽ വിദ്യാസമ്പന്നരായ രണ്ടു രക്ഷകർത്താക്കൾ തമ്മിൽ കൈ ഓങ്ങിയ സംഭവംവരെയുണ്ടായി.

പണ്ടൊക്കെ കുഞ്ഞുങ്ങൾ മാത്രമേ കളിക്കളത്തിൽ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ രക്ഷകർത്താക്കളാണ് കളികഴിഞ്ഞുള്ള കളിയിൽ പങ്കാളികളാകുന്നത്. എല്ലാ സംഘടനകളും നടത്തുന്ന വേദിയിൽ ഒരേ കുട്ടികളെത്തന്നെ പങ്കെടുപ്പിക്കേണ്ടതുണ്ടോ? ഒന്നും കിട്ടാത്തവർ മറ്റുള്ള വേദികളിൽ പോയി സമ്മാനം നേടുവാൻ അവസരം കൊടുക്കുന്നത് നല്ലതല്ലേ? അങ്ങനെ കുഞ്ഞുങ്ങളുടെ മത്സരഭാരം കുറയ്ക്കുവാനും സാധിക്കുമോ എന്ന് ചിന്തിക്കേണ്ടതല്ലേ? ആത്മീയ സംഘടനകളും പരസ്പരം ആലോചിച്ച് വർഷാരംഭത്തിനു മുമ്പേ തീയതികൾ നിശ്ചയിച്ചാൽ അടുത്തടുത്ത തീയതികളിലും ഒരേ തീയതികളിലും വരുന്ന പരിപാടികൾ ഒഴിവാക്കുവാൻ സാധിക്കുകയില്ലേ?
ഉദ്ദേശ്യവും ലക്ഷ്യവും എല്ലാവരുടെയും നല്ലതുതന്നെ. കുഞ്ഞുങ്ങളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുവാനാണ് എല്ലാവരും ശ്രമിക്കുന്നതെങ്കിലും അധികമായാൽ അമൃതും വിഷമാണ്.

മത്സരങ്ങൾ കുറ്റമറ്റതും സുതാര്യവുമായിരിക്കുവാൻ സംഘാടകർ പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ക്രൈസ്തവസാക്ഷ്യംകൂടെയായിരിക്കണം ഇതിലൂടെ വെളിപ്പെടേണ്ടത്.
ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വാഗതം ചെയ്യുന്നു. കൂടുതൽ അദ്ധ്യാപകരും ഇതിന്റെ വരിക്കാരാകണം. എല്ലാ സൺഡേസ്കൂളിലെയും അദ്ധ്യാപകർക്കും 11, 12 ക്ലാസ്സിലെ കുട്ടികൾക്കും ഇതിന്റെ കോപ്പി കിട്ടത്തക്കവണ്ണം ക്രമീകരിക്കുന്നത് നല്ലതായിരിക്കും.

സ്നേഹാദരവുകളോടെ,

**ജോസഫ് അലക്സാണ്ടർ**
എക്സിക്യൂട്ടീവ് എഡിറ്റർ
email: joseph.alexander@outlook.com